27 ഞായർ നവംബർ 2022
1198 വൃശ്ചികം 11
Vol 4 Issue No 330

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശ്ശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

## മതവും ഫുട്ബോളും രണ്ടാണ്; സമസ്ത പരിശോധിച്ച് നടപടിയെടുക്കും– മന്ത്രി അബ്ദുറഹ്മാൻ



മലപ്പുറം: മതവും ഫുട്ബോളും രണ്ടും രണ്ടാണെന്ന് കായികമന്ത്രി വി. അബ്ദുറഹ്മാൻ. കായികതാരങ്ങളെ ഇഷ്ടപ്പെടുക എന്നത് ഒരു വികാരത്തിന്റെ ഭാഗമാണ്. അത് മതപരമല്ല. മതവും വിശ്വാസവും വേറെയാണ്, മന്ത്രി മലപ്പുറത്തു പറഞ്ഞു. ജനങ്ങളുടെ ഫിസിക്കൽ ഫിറ്റ്നസിനു വേണ്ടിയാണ് ആരോഗ്യപരമായ കാര്യങ്ങൾ. പന്തുകളി അതിന് ഏറ്റവും യോജിച്ച കാര്യമാണ്. കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. അഞ്ചുലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നത് അതിന്റെ ഭാഗമായാണെന്നും അബ്ദുറഹ്മാൻ കൂട്ടിച്ചേർത്തു. വിഷയത്തെ കുറിച്ച് അറിയുന്ന ആളുകൾ അങ്ങനെ സംസാരിക്കില്ല. പ്രത്യേകിച്ച് സമസ്തയൊന്നും അങ്ങനെ സംസാരിക്കാൻ ഇടയില്ല. സമസ്തയിലെ എതെങ്കിലും ഭാരവാഹികളാകാം അതു പറഞ്ഞത്. അത് അവർ തിരുത്തുമായിരിക്കാം. സമസ്ത നേതൃത്വമൊന്നും ഇത്തരം കാര്യങ്ങളിൽ അഭിപ്രായം പറയാറില്ല. ഇതുവരെ പറഞ്ഞിട്ടുമില്ല. ഇക്കാര്യത്തിൽ സമസ്തയെ കുറ്റപ്പെടുത്തേണ്ട ആവശ്യമില്ല. അതിൽ ബന്ധപ്പെട്ട ഭാരവാഹികൾ ആരാണോ അത് സമസ്ത തന്നെ പരിശോധിക്കും. അവർ തന്നെ അതിൽ നടപടിയെടുക്കും. അതിൽ രാഷ്ട്രീയക്കാർ ഇടപെടേണ്ട ആവശ്യമുണ്ടെന്ന് തനിക്കു തോന്നുന്നില്ലെന്നും മന്ത്രി പറഞ്ഞു. ഫുട്ബോൾ ആവേശം അതിരു വിടുന്നെന്നും താരാരാധന ഇസ്‌ലാമികവിരുദ്ധമാണെന്നും സമസ്ത കഴിഞ്ഞദിവസം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പള്ളികളിൽ വെള്ളിയാഴ്ച പ്രാർഥനയ്ക്കുശേഷമുള്ള പ്രസംഗങ്ങളിൽ പരാമർശിക്കാനാണ് സമസ്ത കേരള ജം ഇയ്യത്തുൽ ഖുതുബ ഖത്തീബുമാർക്ക് ജം ഇയ്യത്തുൽ ഖുതുബ സംസ്ഥാന സെക്രട്ടറി നാസർ ഫൈസി കൂടത്തായി നിർദേശം നൽകിയത്. ഇത് ചർച്ചയായിരുന്നു. പിന്നാലെ കൂടുതൽ ഇസ്‌ലാം മത നേതാക്കൾ ഫുട്ബോൾ ആവേശത്തിനെതിരേ രംഗത്തെത്തിയിരുന്നു.

## ഒരു കാരണവശാലും തുറമുഖ നിർമ്മാണം അനുവദിക്കില്ല

### എന്തുവില കൊടുത്തും തടയും: വിഴിഞ്ഞത്ത് അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും തമ്മിൽ സംഘർഷം



**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനെതിരെ കനത്ത പ്രതിഷേധവുമായി വീണ്ടും സമരക്കാർ. തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലുമായി എത്തിയ ടോറസ് ലോറികൾ സമരക്കാർ തടഞ്ഞു. വൈദികരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിഷേധം നടത്തുന്നത്. ഒരു കാരണവശാലും തുറമുഖ നിർമ്മാണം അനുവദിക്കില്ലെന്നും, എന്തുവില കൊടുത്തും തടയുമെന്നാണ് സമരക്കാരുടെ നിലപാട്. സ്ത്രീകളുൾപ്പടെയുള്ളവർ റോഡിലിരുന്ന് പ്രതിഷേധിക്കുകയാണ്. എന്നാൽ, വിഴിഞ്ഞം പദ്ധതിയെ അനുകൂലിക്കുന്നവരുടെ നേതൃത്വത്തിൽ സമരക്കാർക്കെതിരെ പ്രതിഷേധമുണ്ടായി. ഇവരും സംഘമായി എത്തിയതോടെ പൊലീസ് കുഴഞ്ഞു. ഇരുവിഭാഗവും തമ്മിൽ തർക്കമുണ്ടായി. തുറമുഖത്തെ അനുകൂലിക്കുന്നവർക്ക് നേരെ സമരക്കാർ വലിയ കല്ലുകൾ എറിഞ്ഞ് പ്രകോപനം സൃഷ്ടിക്കുകയാണ്. സംഘർഷമുണ്ടാകാതിരിക്കാൻ അതീവ ജാഗ്രതയോടൊണ് പൊലീസ് പ്രവർത്തിക്കുന്നത്. കാര്യങ്ങൾ കൂടുതൽ സങ്കീർണമാകാനുള്ള സാദ്ധ്യത നിലനിൽക്കുകയാണ്.മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും കാത്തിരുന്നിട്ടും നേതാക്കൾ വന്നില്ല വിഴിഞ്ഞം സമരസമിതിക്കുള്ളിലെ ഭിന്നിപ്പിനെ തുടർന്ന് മുഖ്യമന്ത്രി പിണറായി വിജയനും ലത്തീൻ അതിരൂപത അധികൃതരുമായി നടത്താൻ നിശ്ചയിച്ചിരുന്ന ഒത്തുതീർപ്പ് ചർച്ച നടന്നില്ല. വ്യാഴാഴ്ച മുഖ്യമന്ത്രിയുടെ ഓഫീസും ആർച്ച്ബിഷപ്പ് തോമസ് ജെ.നെറ്റോയും തമ്മിൽ അനൗദ്യോഗിക ചർച്ച നടന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വെള്ളിയാഴ്ച സമരം അവസാനിപ്പിക്കാമെന്നായിരുന്നു ധാരണ.വെള്ളിയാഴ്ച ഔദ്യോഗിക ചർച്ച നടത്താനുള്ള സമയമടക്കം നിശ്ചയിച്ചാണ് അനൗദ്യോഗിക ചർച്ച അവസാനിപ്പിച്ചത്. രാവിലെ ചീഫ് സെക്രട്ടറി വി.പി.ജോയിയുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം വൈകിട്ട് ക്ലിഫ് ഹൗസിൽ മുഖ്യമന്ത്രിയും ആർച്ച് ബിഷപ്പുമായി ഔദ്യോഗിക ചർച്ച നടത്തി സമരം അവസാനിച്ചതായുള്ള സംയുക്ത പ്രഖ്യാപനം നടത്താനായിരുന്നു തീരുമാനം. രാവിലെ പത്ത് മണിക്കുള്ള ചർച്ചയ്ക്കായി ചീഫ്സെക്രട്ടറി വി.പി.ജോയി 9.45ന് സെക്രട്ടേറിയറ്റിലെത്തിയിരുന്നു. ഒരു മണിക്കൂറിലേറെ ചേംബറിൽ കാത്തിരുന്നിട്ടും സമരസമിതി നേതാക്കളെത്തിയില്ല. രൂപത അധികൃതർ വൈകിട്ട് ക്ലിഫ് ഹൗസിലെത്തുമെന്ന വിവരത്തെ തുടർന്ന് മുഖ്യമന്ത്രിയും ഇവരെ കാത്തിരുന്നെങ്കിലും സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സമരസമിതിയിൽ ഭിന്നതയുണ്ടെന്നായിരുന്നു അതിരൂപത അധികൃതർ അറിയിച്ചത്.

**കരിങ്കല്ല് എത്തിയില്ല**


വെള്ളിയാഴ്ച പദ്ധതിപ്രദേശത്ത് കരിങ്കല്ല് എത്തിക്കാനായിരുന്നു അദാനി വിഴിഞ്ഞം സീ പോർട്ട് ലിമിറ്റഡിന്റെ തീരുമാനമെങ്കിലും സമരസമിതി പന്തൽ നീക്കാത്തതിനാൽ ലോഡ് നീക്കം നടന്നില്ല. സമരക്കാരുമായി നേരിട്ട് ഏറ്റുമുട്ടാൻ തുറമുഖ നിർമ്മാണ കമ്പനി തയ്യാറല്ല. കാത്തുനിൽക്കാനാണ് തീരുമാനമെന്നാണ് അധികൃതർ പറയുന്നത്. ചരക്ക് നീക്കം നടക്കുമെന്ന് പ്രതീക്ഷിച്ച് ഇന്നലെ സമരസമിതി പന്തലിൽ കൂടുതൽ സമരക്കാരെത്തി. 'മത്സ്യത്തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളോട് അനുഭാവപൂർവമായ സമീപനമാണ് സർക്കാരിനുള്ളത്. പദ്ധതിയെ അട്ടിമറിക്കാനുള്ള കുത്സിത ശ്രമങ്ങളെ അതിജീവിക്കും.'എന്ന് തുറമുഖ വകുപ്പ് മന്ത്രിഅഹമ്മദ് ദേവർകോവിൽ പറഞ്ഞു


## ഡൽഹി മദ്യനയ കേസ്; 3,000 പേജുള്ള കുറ്റപത്രം സമർപ്പിച്ച് ഇ.ഡി



**ന്യൂഡൽഹി:** ഡൽഹി മദ്യനയ അഴിമതി കേസിൽ സി.ബി.ഐക്ക് പിന്നാലെ ഇ.ഡിയും കുറ്റപത്രം സമർപ്പിച്ചു. 3,000 പേജുകളുള്ള കുറ്റപത്രമാണ് ഇ.ഡി കോടതിയിൽ സമർപ്പിച്ചതെന്നാണ് റിപ്പോർട്ട്. പ്രതികളെ കുറിച്ച് വിശദമായ അന്വേഷണം തുടരുകയാണെന്ന് ഇ.ഡി കോടതിയെ അറിയിച്ചു. നിലവിൽ സമീർ മെഹൻദ്രുവിൻറെ പേര് മാത്രമാണ് കുറ്റപത്രത്തിൽ നൽകിയതെന്നും മറ്റ് പ്രതികൾക്കെതിരെ പിന്നീട് കുറ്റപത്രം സമർപ്പിക്കുമെന്നും ഇ.ഡി വ്യക്തമാക്കി. പിന്നാലെ പ്രധാനമന്ത്രി നരേന്ദ്രമോദിയെ രൂക്ഷമായി വിമർശിച്ച് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ രംഗത്തെത്തി. ഇ.ഡിയുടെ കുറ്റപത്രത്തിൽ മനീഷ് സിസോദിയയുടെ പേരില്ലെന്നും അദ്ദേഹത്തെ കള്ളക്കേസിൽ കുടുക്കിയതിന് മോദി രാജ്യത്തോട് മാപ്പ് പറയേണ്ടതാണെന്നും കെജ്രിവാൾ ട്വീറ്റ് ചെയ്തു. ഡൽഹി മദ്യനയ അഴിമതി കേസിൽ ഏഴ് പ്രതികൾക്കെതിരെ സി.ബി.ഐ കഴിഞ്ഞദിവസമാണ് ആദ്യ കുറ്റപത്രം സമർപ്പിച്ചത്. എഫ്.ഐ.ആറിൽ പേരുള്ള ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ പേര് കുറ്റപത്രത്തിൽ ഇല്ല. സിസോദിയയുടെയും എഫ്.ഐ.ആറിൽ പരാമർശിച്ച മറ്റ് പ്രതികളുടെയും ലൈസൻസികളുമായുള്ള ഗൂഢാലോചന അടക്കമുള്ള കാര്യങ്ങളിൽ അന്വേഷണം നടക്കുകയാണെന്ന് സി.ബി.ഐ വക്താവ് പ്രസ്താവനയിൽ പറഞ്ഞു.




**ഇന്നത്തെ ശബരിമല വിശേഷങ്ങൾ (27/11 /2022)**



പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ
11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം
പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

## ഫുട്ബോൾ ധൂർത്ത് അന്യായവും ആത്മീയ ധൂർത്ത് ന്യായവും ആകുന്നതെങ്ങനെ?; സമസ്ത നിലപാടിനെതിരേ ജലീൽ



തിരുവനന്തപുരം: ഫുട്ബോൾ ലഹരിക്കെതിരേയുള്ള സമസ്ത നിലപാടിനെ വിമർശിച്ച് മുൻ എംഎൽഎ കെ.ടി ജലീൽ. ഫുട്ബോൾ മാനവിക ഐക്യത്തിന്റെ വിളംബരമാണെന്നും നിയമാനുസൃതം മനുഷ്യർക്ക് സന്തോഷം പകരുന്നതൊന്നും നിഷിദ്ധമല്ലെന്നും ജലീൽ പറഞ്ഞു. ഫുട്ബോളിന്റ പേരിൽ നടക്കുന്ന 'ധൂർത്ത്' അന്യായവും ആത്മീയതയുടെ പേരിൽ നടക്കുന്ന 'ധൂർത്ത്' ന്യായവുമാകുന്നതിലെ 'യുക്തി' ദുരൂഹമാണെന്നും ഫെയ്സ്ബുക്ക് കുറിപ്പിലൂടെ ജലീൽ പറഞ്ഞു. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ ഫുട്ബോൾ ആവേശം പ്രതിഫലിപ്പിക്കുന്ന വീഡിയോ പങ്കുവെച്ചുകൊണ്ടാണ് ജലീലിന്റെ പ്രതികരണം. ജനങ്ങളെ പലതിന്റെയും പേരിൽ ഭിന്നിപ്പിക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങളാണ് ലോകത്ത് നടക്കുന്നത്. അത്തരമൊരു ശപിക്കപ്പെട്ട കാലത്ത് മനുഷ്യനെ ഐക്യപ്പെടുത്തുന്നതെന്തും പ്രോൽസാഹിപ്പിക്കപ്പെടേണ്ടതാണ്. സാമ്രാജ്യത്വത്തിന്റെ പഴങ്കഥകൾ പൊടിതട്ടിയെടുത്ത് ജനമനസ്സുകളിൽ അകൽച്ച പടർത്താനല്ല ഉത്തരവാദപ്പെട്ടവർ ശ്രമിക്കേണ്ടതെന്നും മാനവിക ഐക്യത്തിന്റെ സന്ദേശ പ്രചാരണത്തിന്റെ സാദ്ധ്യതകളേക്കുറിച്ചാണ് ഒരുമയോടെ ആരായേണ്ടതെന്നും ജലീൽ പറഞ്ഞു. ധൂർത്തിന്റെ പേരിലാണ് ഫുട്ബോൾ ഭ്രമത്തെ ചിലർ വിമർശിക്കുന്നത്. അങ്ങനെയെങ്കിൽ വിവാഹ ധൂർത്തുകളും ആഢംബര വാഹനങ്ങളും കൊട്ടാരസമാന വാസഗൃഹങ്ങളും വിമർശന പരിധിയിൽ നിന്ന് ഒഴിവാക്കപ്പെടരുതല്ലോ? സമ്മേളന മാമാങ്കങ്ങളിലും നേർച്ചകളിലും ഉൽസവങ്ങളിലും പള്ളിപ്പെരുന്നാളുകളിലും ഉയരാറുള്ള ദീപാലംകൃതമായ കമാനങ്ങളും സംവിധാനങ്ങളും ആർഭാടത്തിന്റെ ഗണത്തിൽ തന്നെയല്ലേ ഉൾപ്പെടുക? ഫുട്ബോളിന്റ പേരിൽ നടക്കുന്ന 'ധൂർത്ത്' അന്യായവും ആത്മീയതയുടെ പേരിൽ നടക്കുന്ന 'ധൂർത്ത്' ന്യായവുമാകുന്നതിലെ 'യുക്തി' ദുരൂഹമാണെന്നും ജലീൽ പറഞ്ഞു. മക്കയുടെയും മദീനയുടെയും സൂക്ഷിപ്പുകാരായ രാഷ്ട്രവും ജനതയും കാൽപ്പന്തുകളിയിൽ കാണിക്കുന്ന ആവേശം ആഹ്ലാദകരമാണ്. മതവിലക്കുകൾ ഏറെ നിലനിൽക്കുന്ന ഇറാൻ അടക്കമുള്ള രാജ്യങ്ങളിൽ ഫുട്ബോളും സിനിമയും ജനങ്ങൾക്കേകുന്ന സന്തോഷം ചെറുതല്ല. ആത്മീയത മനുഷ്യരുടെ ആത്മനിർവൃതിക്കാണ്. ജനങ്ങളുടെ ആനന്ദത്തെ ചങ്ങലക്കിടാൻ ആർക്കെന്തവകാശമെന്നും അദ്ദേഹം ചോദിച്ചു. ദയവുചെയ്ത് മനുഷ്യരെ വെറുതേവിടുക. അവർ പരസ്പരം ആദരിച്ചും ബഹുമാനിച്ചും ആമോദിച്ചും ജീവിക്കട്ടെയെന്നും ജലീൽ പറഞ്ഞു.

## ഒഴിപ്പിക്കൽ നടപടിക്ക് താത്കാലിക സ്റ്റേ; ജനിച്ച മണ്ണിൽ ജീവിക്കാൻ അവകാശമുണ്ടെന്ന് രാജേന്ദ്രൻ



**മൂന്നാർ:** വീടൊഴിയണമെന്ന റവന്യൂ വകുപ്പിന്റെ നടപടിക്കെതിരേ ദേവികുളം മുൻ എംഎൽഎ എസ്. രാജേന്ദ്രൻ കോടതിയെ സമീപിച്ചു. രാജേന്ദ്രന്റെ ഹർജിയിൽ റവന്യൂ വകുപ്പിന്റെ നടപടികൾ കോടതി തത്ക്കാലത്തേക്ക് സ്റ്റേ ചെയ്തു. രാജേന്ദ്രന്റെ മൂന്നാർ ഇക്കാനഗറിലെ വീട് പുറമ്പോക്ക് ഭൂമിയിലാണെന്ന് കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ ഏഴ് ദിവസത്തിനകം വീടൊഴിയണമെന്ന് ആവശ്യപ്പെട്ടാണ് റവന്യൂ വകുപ്പ് നോട്ടീസ് നൽകിയിരുന്നത്. ദേവികുളം സബ് കളക്ടറുടെ നിർദേശപ്രകാരം മൂന്നാർ വില്ലേജ് ഓഫീസറാണ് നോട്ടീസ് നൽകിയത്. സ്വമേധയാ ഒഴിഞ്ഞില്ലെങ്കിൽ ബലംപ്രയോഗിച്ച് കുടിയൊഴിപ്പിക്കുമെന്നും നോട്ടീസിൽ പറഞ്ഞിരുന്നു. എന്നാൽ വീടൊഴിയാൻ തയ്യാറെല്ലന്ന നിലപാടിലാണ് രാജേന്ദ്രൻ കോടതിയെ സമീപിച്ചത്. കുടിയൊഴിപ്പിക്കാൻ ആരൊക്കെ ശ്രമിച്ചാലും അതിനെ അതിജീവിക്കുമെന്ന് രാജേന്ദ്രൻ പറഞ്ഞു. ജനിച്ച മണ്ണിൽ ജീവിക്കാനുള്ള അവകാശം ഇവിടെയുണ്ടെന്നും ആ അവകാശം നിലനിർത്താൻ തനിക്കറിയാമെന്നും രാജേന്ദ്രൻ പറഞ്ഞു. അതേസമയം, രാജേന്ദ്രന് പിന്തുണയുമായി സിപിഐയും രംഗത്തെത്തി. ഇക്കാനഗറിലെ ഒരു വ്യക്തിയേയും കുടിയൊഴിപ്പിക്കാൻ പാടില്ലെന്ന് സിപിഐ മണ്ഡലം സെക്രട്ടറി ചന്ദ്രപാൽ പറഞ്ഞു. റവന്യൂ വകുപ്പിന്റെ നടപടി നിർത്തണമെന്ന് സിപിഎമ്മും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ രാജേന്ദ്രൻ നടത്തുന്ന പ്രസ്താവനകൾ മാധ്യമവാർത്തകൾക്ക് വേണ്ടിയുള്ളതാണെന്നാണ് സിപിഎമ്മിന്റെ നിലപാട്. രാജേന്ദ്രനെ കുടിയിറക്കുന്നതിന് പിന്നിൽ എം.എം മണിയാണെന്ന് പറയുന്നത് വാർത്തയുണ്ടാക്കാൻ നടത്തുന്ന പ്രചരണമാണെന്ന് സിപിഎം ജില്ലാ സെക്രട്ടറി സിവി വർഗീസ് പറഞ്ഞു. രാജേന്ദ്രൻ പറയുന്ന എല്ലാ കാര്യങ്ങൾക്കും മറുപടി പറയേണ്ട ബാധ്യത സിപിഎമ്മിനില്ലെന്നും അദ്ദേഹം വ്യക്തമാക്കി. രാജേന്ദ്രൻ എം.എൽ.എ. ആയിരുന്നപ്പോഴും അതിനു ശേഷവും കയ്യേറ്റഭൂമിയിലാണ് താമസിക്കുന്നതെന്ന ആരോപണം മുൻപേ തന്നെ ഉയർന്നിരുന്നു. ഇക്കാനഗറിലെ എട്ടു സെന്റോളം ഭൂമിയാണ് രാജേന്ദ്രന്റെ കൈവശമുള്ളത്. ഇത് കൃത്യമായ ലാൻഡ് അസസ്മെന്റ് നടപടിക്രമങ്ങൾ പ്രകാരമല്ലാതെ ലഭിച്ച പട്ടയമാണെന്നും വ്യാജപട്ടയമാണെന്നും ആരോപണം ഉയരുകയും ചെയ്തിരുന്നു. രാജേന്ദ്രന് രേഖകൾ ഹാജരാക്കാൻ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ മതിയായ രേഖകൾ ഹാജരാക്കിയില്ലെന്നാണ് റവന്യൂ വകുപ്പിന്റെ വിശദീകരണം. നേരത്തെ ഇക്കാനഗറിൽ താമസിക്കുന്ന മറ്റൊരു സ്വകാര്യ വ്യക്തി ഹൈക്കോടതിയെ സമീപിച്ച് തന്റെ ഭൂമിക്ക് പട്ടയം വേണമെന്ന് ആവശ്യം ഉന്നയിച്ചിരുന്നു. എന്നാൽ, ഈ കേസിൽ ഹാജരാക്കിയ രേഖകൾ വ്യാജമാണെന്ന് ഹൈക്കോടതി കണ്ടെത്തി. ഇതിനേത്തുടർന്ന് കെ.എസ്.ഇ.ബിയുടെ ഭൂമി കൈവശം വെക്കുന്ന ആളുകളെ ഒഴിപ്പിക്കാൻ ജില്ലാ കളക്ടർക്ക് കോടതി നിർദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഏകദേശം അറുപതുപേർക്ക് ഇക്കാനഗറിൽ നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് രാജേന്ദ്രനും നോട്ടീസ് ലഭിച്ചത്. മറ്റുള്ളവരോട് മതിയായ രേഖകൾ ഹാജരാക്കാനും വിശദീകരണം നൽകാനുമാണ് ആവശ്യപ്പെട്ടിരിക്കുന്നതെങ്കിൽ ഏഴുദിവസത്തിനകം വീട് ഒഴിയാൻ ആവശ്യപ്പെട്ടായിരന്നു രാജേന്ദ്രന് നോട്ടീസ് നൽകിയത്.

**പരാശക്തി ജ്യോതിഷ പീഠം**
**പോളി ജംഗ്ഷൻ – തൃപ്രയാർ**
**ഫോൺ: 9745205651, 9188205651**

ജോത്സ്യൻ : ജി. എൻ. ബാബുജി

ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം

മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## വേഗം തീർപ്പുകല്പിക്കാൻ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കണം

സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും കുതിച്ചുയരുന്നു. 20 ലക്ഷത്തിലേറെ കേസുകളാണ് ഹൈക്കോടതികളിലും കീഴ്ക്കോടതികളിലുമായി തീർപ്പാകാതെ കിടക്കുന്നത്. 2019ൽ ഇത് 16 ലക്ഷമായിരുന്നു.

1968 മുതലുള്ള ചില സിവിൽ കേസുകൾ ഹൈക്കോടതിയിൽ ഇപ്പോഴും തീർപ്പാകാതെ കിടക്കുന്നുണ്ട്. സിവിൽ, ക്രിമിനൽ വിഭാഗങ്ങളിലായി ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ 30 ശതമാനവും അഞ്ചു മുതൽ പത്തുവർഷംവരെ പഴക്കമുള്ളതാണെന്ന് ദേശീയ ജുഡിഷ്യൽ ഡേറ്റ ഗ്രിഡിലെ കണക്കുകൾ വ്യക്തമാക്കുന്നു.

കേസുകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ ജനങ്ങൾക്ക് നീതിന്യായ സംവിധാനത്തിലുള്ള വിശ്വാസം നഷ്ടമാകാൻ ഇടയാകുമെന്ന് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ കഴിഞ്ഞ ദിവസം ഒരു വിധിന്യായത്തിൽ ചൂണ്ടിക്കാട്ടുകയും ചെയ്തു. ഏറ്റവുമധികം കേസുകൾ കെട്ടിക്കിടക്കുന്നത് തിരുവനന്തപുരം ജില്ലയിലാണ്. 3.82 ലക്ഷം കേസുകൾ. എറണാകുളമാണ് രണ്ടാം സ്ഥാനത്ത്, 2.99 ലക്ഷം കേസുകൾ. കൊല്ലം, കോട്ടയം, പത്തനംതിട്ട, തൃശൂർ ജില്ലകളിലും കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ഒരുലക്ഷത്തിന് മുകളിലാണ്.</ു>

രാജ്യത്താകെ കോടിക്കണക്കിന് കേസുകളാണ് കെട്ടിക്കിടക്കുന്നത് . ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ് തുടങ്ങിയ കേസുകളും ഇതിൽപ്പെടുന്നു. സുപ്രീം കോടതിയിൽ മാത്രം 69,781 കേസുകൾ തീർപ്പാകാനുണ്ട്. ഇതിൽ 489 കേസുകൾ ഭരണഘടനാ ബെഞ്ചുകൾ പരിഗണിക്കേണ്ടവയാണ്. രാജ്യത്തെ ഹൈക്കോടതികളിൽ തീർപ്പാകേണ്ടത് 60 ലക്ഷത്തോളം കേസുകളാണ്. കോടതി നടപടികൾ ഇഴഞ്ഞുനീങ്ങുന്നതാണ് കേസുകളുടെ തീർപ്പ് വൈകാൻ പ്രധാന കാരണം. നിലവിലുള്ള രീതി അനുസരിച്ച് ഒരു കേസ് എത്രതവണ വേണമെങ്കിലും മാറ്റിവയ്ക്കാം. ഇത് അവസാനിപ്പിച്ചാൽ തന്നെ കേസുകളുടെ എണ്ണം കുറയും. കേസുകൾ വിവിധ കാറ്റഗറികളായി തിരിച്ച് അദാലത്തുകൾ നടത്തിയും പരിഹരിക്കാനാവും. കോടതികൾ ഈ മാർഗം അവലംബിക്കുന്നുണ്ടെങ്കിലും വിചാരിക്കുന്നത്ര പുരോഗതി കൈവരിക്കാനായിട്ടില്ല. ന്യായാധിപരുടെയും കോടതികളുടെയും കുറവ് പരിഹരിക്കാനുള്ള ശ്രമവും ഇതിനൊപ്പം ഉണ്ടാകണം.

കേസുകൾ കെട്ടിക്കിടക്കാൻ കാരണം കോടതികൾ മാത്രമല്ല. പ്രോസിക്യൂഷന്റെയും അഭിഭാഷകരുടെയും പൊലീസിന്റെയും ഭാഗത്തു നിന്നുള്ള സഹകരണം കൂടുതൽ ഉണർവോടെ ഉണ്ടായാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാകൂ. അഭിഭാഷകരെ സംബന്ധിച്ച് കേസുകൾ നീണ്ടുപോയാൽ അത്രയും കാലം കക്ഷികളിൽനിന്ന് ഫീസ് വാങ്ങാം. കേസുകൾ തീർപ്പാക്കാൻ ആധുനിക ടെക്നോളജി എങ്ങനെ ഉപയോഗിക്കാമെന്ന് ഫലപ്രദമായി പഠിച്ച് നടപ്പിൽ വരുത്തേണ്ടതാണ്. വൈകി ലഭിക്കുന്ന നീതി, നീതിനിഷേധത്തിന് തുല്യമാണ്. അതിനാൽ ഇത് പരിഹരിക്കാൻ കോടതികളും സർക്കാരും ഒരുപോലെ ശ്രമിക്കേണ്ടതുണ്ട്. കൊളീജിയം നൽകുന്ന ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച ശുപാർശകൾ അനന്തമായി വച്ചുതാമസിപ്പിക്കുന്ന പതിവ് രീതി സർക്കാർ ഉപേക്ഷിക്കണം. ഒപ്പം കോടതികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയും ആധുനിക സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തുകയും വേണം



## തരൂരും സുധാകരനും ഒരു വേദിയിലെത്തില്ല: കോൺക്ലേവ് സുധാകരൻ ഉദ്ഘാടനം ചെയ്യുന്നത് ഓൺലൈനായി

**എറണാകുളം:** നാളെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന പ്രൊഫഷണൽ കോൺഗ്രസിന്റെ കോൺക്ലേവിൽ കെപിസിസി പ്രസിഡൻറ് കെ സുധാകരൻ പങ്കെടുക്കില്ല.

ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചാണ് സുധാകരൻ പരിപാടിയിൽ നിന്ന് വിട്ടുനിൽക്കുന്നത്. പകരം ഓൺലൈനായി പങ്കെടുക്കുമെന്നാണ് അദ്ദേഹത്തിന്റെ ഓഫീസ് സമ്മേളന ഭാരവാഹികളെ അറിയിച്ചിരിക്കുന്നത്. ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ശശി തരൂർ മുഖ്യപ്രഭാഷണം നടത്തുന്ന കോൺക്ലേവിൽ ഇരുവരും ഒരേ വേദിയിലെത്തുന്നു എന്നതായിരുന്നു കോൺക്ലേവിന്റെ പ്രത്യേകതയായി കണ്ടിരുന്നത്.

കൊച്ചിയിൽ ഞായറാഴ്ച നടക്കുന്ന പരിപാടിയിൽ ശശി തരൂരും വി ഡി സതീശനും പങ്കെടുക്കുന്നുണ്ടെങ്കിലും ഇരുവരും ഒരേ വേദിയിൽ വരില്ല. രാവിലെ 9.30 ന് നടക്കുന്ന ഉദ്ഘാടന ചടങ്ങിലാണ് ശശി തരൂർ പങ്കെടുക്കുക. വൈകീട്ട് 5 ന് നടക്കുന്ന ലീഡേഴ്സ് ഫോറത്തിലാകും വി ഡി സതീശൻ പങ്കെടുക്കുക.സംഘടനയുടെ ദേശീയ ചെയർമാനായ ശശി തരൂർ മുഖ്യപ്രഭാഷകനായി എത്തുന്ന പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ മൂന്നുപേരെയും ഒന്നിച്ചാണ് സംഘാടകർ ക്ഷണിച്ചിരുന്നത്. മൂന്നു പേർക്കും തുല്യ പ്രാധാന്യം നൽകിയായിരുന്നു പരിപാടിയുടെ പ്രചാരണപ്രവർത്തനങ്ങളും. ഡോ.എസ് എസ് ലാലും മാത്യു കുഴൽനാടൻ എംഎൽഎയുമാണ് പ്രധാന സംഘാടകർ.



# PSLV-C54 വിക്ഷേപിച്ചു: എർത്ത് ഒബ്സർവേഷൻ സാറ്റലൈറ്റ്–6 ഭ്രമണപഥത്തിൽ

ശ്രീഹരിക്കോട്ട: ഇന്ത്യയുടെ എർത്ത് ഒബ്സർവേഷൻ സാറ്റലൈറ്റ്-6 ഉൾപ്പടെ ഒമ്പത് ഉപഗ്രഹങ്ങളുമായി ഇസ്രോയുടെ (കടഞ്ചര) പിഎസ്എൽവി–സി54 റോക്കറ്റ് വിക്ഷേപിച്ചു. ശനിയാഴ്ച രാവിലെ 11.56 ന് ശ്രീഹരിക്കോട്ടയിലെ സതിഷ് ധവാൻ ബഹിരാകാശ നിലയത്തിൽ നിന്നായിരുന്നു വിക്ഷേപണം. ഓഷ്യൻ സാറ്റ് പരമ്പരയിൽപ്പെട്ട ഭൗമ നിരീക്ഷണ ഉപഗ്രഹമാണ് പ്രധാനപ്പെട്ടത്. മറ്റുള്ളവ നാനോ സാറ്റലൈറ്റുകളാണ്. പിഎസ്എൽവി എക്സ്എൽ പതിപ്പിന്റെ 24–മത് വിക്ഷേപണമാണിത്.

വിക്ഷേപിച്ച് 17–ാം മിനിറ്റിൽ പ്രധാന ദൗത്യമായ എർത്ത് ഒബ്സർവേഷൻ സാറ്റലൈറ്റ്–6 വിക്ഷേപണ വാഹനത്തിൽ നിന്ന് വിജയകരമായി വേർപെടുത്തി. വരും മണിക്കൂറുകളിൽ ഓർബിറ്റ്–ചേഞ്ച് ത്രസ്റ്ററുകൾ രണ്ട് തവണ പ്രവർത്തിപ്പിച്ച് വിക്ഷേപണ വാഹനത്തിൻറെ ഭ്രമണപഥം ക്രമീകരിച്ച ശേഷം വരുന്ന മണിക്കൂറുകളിൽ മറ്റുള്ള നാനോ സാറ്റലൈറ്റുകൾ ഉപഭോക്താക്കളുടെ ആവശ്യം അനുസരിച്ച് വിവിധ ഓർബിറ്റുകളിൾ വിന്യസിക്കും. ഇസ്രോയുടെ ദൈർഘ്യമേറിയ ദൗത്യങ്ങളിൽ ഒന്നായിരിക്കും ഇത്.

ഓഷ്യൻസാറ്റ് പരമ്പരയിലെ മൂന്നാം തലമുറയിൽ പെട്ട ഭൗമ നിരീക്ഷണ ഉപഗ്രഹമാണ് എർത്ത് ഒബ്സർവേഷൻ സാറ്റലൈറ്റ്–6 (ഇഒഎസ്–6). ഓഷ്യൻസാറ്റ്–2 ന്റെ സേവനങ്ങളുടെ തുടർച്ചയാണ് പുതിയ ഉപഗ്രഹത്തിന്റെ ചുമതല. മെച്ചപ്പെട്ട സാങ്കേതിക സംവിധാനങ്ങളും പുതിയ ഉപഗ്രഹത്തിലുണ്ടാവും. സമുദ്രങ്ങളെ കുറിച്ച് പഠിക്കുന്നതിനും കാലാവസ്ഥാ നിരീക്ഷണത്തിനും വേണ്ടിയാണ് ഓഷ്യൻസാറ്റ് ഉപഗ്രങ്ങൾ തയ്യാറാക്കായിരിക്കുന്നത്.

ഇന്ത്യ–ഭൂട്ടാൻ സഹകരണത്തിലുള്ള ഐഎൻഎസ്–2ബി, സ്പേസ് ഫ്ളൈറ്റ് യുഎസ്എയുടെ നാല് നാനോ സാറ്റലൈറ്റുകൾ, സ്വിസ് വിവരവിനിമയ കമ്പനിയായ ആസ്ട്രോകാസ്റ്റിന്റെ ഒരു ഉപഗ്രഹം, ഹൈദരാബാദിൽ നിന്നുള്ള ധ്രുവ സ്പേസിന്റെ തൈബോൾട്ട്–1, തൈബോൾട്ട് 2 ഉപഗ്രഹങ്ങൾ, സ്റ്റാർട്ട് അപ്പ് ആയ പിക്സെലിന്റെ (ജശഃഃലഹ) ആനന്ദ് എന്ന നാനോ സാറ്റലൈറ്റ് എന്നിവയാണ് വിക്ഷേപിക്കുന്ന മറ്റ് ഉപഗ്രഹങ്ങൾ.



## തീവ്രവാദ വിരുദ്ധ സെൽ, ഏകീകൃത സിവിൽ കോഡ്; ബി ജെ പിയുടെ പ്രകടന പത്രികയിൽ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ശ്രീകൃഷ്ണ പ്രതിമയും

**ഗാന്ധിനഗർ:** ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ബി ജെ പിയുടെ പ്രകടനപത്രിക പുറത്തിറങ്ങി. പാർട്ടിയുടെ ദേശീയ അദ്ധ്യക്ഷൻ ജെ പി നദ്ദയാണ് ഗാന്ധിനഗറിൽ പ്രകടനപത്രിക പുറത്തിറക്കിയത്.

ഗുജറാത്ത് മുഖ്യമന്ത്രി ഭുപേന്ദ്ര പട്ടേൽ, ഗുജറാത്തിലെ ബി ജെപി മേധാവി സി ആർ പട്ടീൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഗുജറാത്തിൽ തീവ്രവാദ വിരുദ്ധ സെൽ, ഏകീകൃത സിവിൽ കോഡ്, 20 ലക്ഷം തൊഴിൽ അവസരങ്ങൾ എന്നിവയാണ് പ്രകടനപത്രികയിലെ പ്രധാന വാഗ്ദ്ധാനങ്ങൾ.

രാജ്യത്തെ അസ്ഥിരപ്പെടുത്താനുള്ള തീവ്രവാദ സംഘടനകളുടെയും ദേശവിരുദ്ധ ശക്തികളുടെ സ്ളീപ്പർ സെല്ലുകളുടെയും പ്രവർത്തനങ്ങളെ തിരിച്ചറിഞ്ഞ് നശിപ്പിക്കുകയാണ് ആന്റി റാഡിക്കലൈസേഷൻ സെല്ലിന്റെ (തീവ്രവാദ വിരുദ്ധ സെൽ) ലക്ഷ്യമെന്ന് ജെ പി നദ്ദ വ്യക്തമാക്കി. ഇന്ത്യാ–വിരുദ്ധ ശക്തികളെ തിരിച്ചറിഞ്ഞ് ശിക്ഷിക്കും. പൊതുമുതൽ, സ്വകാര്യ മുതൽ എന്നിവ നശിപ്പിക്കുന്നവരെ തിരിച്ചറിഞ്ഞ് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി പുതിയ നിയമം കൊണ്ടുവരും.

ഗുജറാത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി സ്ഥാപിക്കും, 20,000 സർക്കാർ സ്കൂളുകളെ മികവിന്റെ വിദ്യാലയങ്ങളാക്കി മാറ്റും, കാർഷിക വിപണിയുടെ വികസനത്തിനായി പതിനായിരം കോടി രൂപ വകയിരുത്തും, ജലസേചന സൗകര്യങ്ങൾക്കായി ഇരുപത്തയ്യായിരം കോടി രൂപ, ആയുഷ്മാൻ പദ്ധതിയുടെ കീഴിൽ പത്ത് ലക്ഷം രൂപയുടെ മെഡിക്കൽ ഇൻഷുറൻസ്, സംസ്ഥാനത്ത് മൂന്ന് മെഡിസിറ്റികളും രണ്ട് അത്യാധുനിക ആശുപത്രികളും നിർമിക്കും. തൊഴിലാളികൾക്കായി രണ്ട് ലക്ഷം രൂപവരെ ഈടില്ലാത്ത ശ്രമിക് ക്രെഡിറ്റ് കാർഡുകൾ.

ഗാന്ധിനഗറിലെയും സൂറത്തിലെയും മെട്രോ ഇടനാഴികൾ പൂർത്തീകരിക്കും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഡയഗ്നോസ്റ്റിക് സേവനങ്ങൾ ഉറപ്പാക്കുന്ന 110 കോടി രൂപയുടെ മുഖ്യമന്ത്രി സൗജന്യ ഡയഗ്നോസ്റ്റിക് പദ്ധതി. സംസ്ഥാനത്തെ 56 ഗോത്ര സബ് പ്ലാൻ താലൂക്കുകളിലുടനീളം മൊബൈൽ റേഷൻ ഡെലിവറി നടത്തുകയും ആദിവാസികളുടെ സർവതോന്മുഖമായ സാമൂഹിക–സാമ്പത്തിക വികസനത്തിനായി വൻബന്ധു കല്യാൺ യോജന 2.0 പ്രകാരം ഒരു ലക്ഷം കോടി രൂപ ഉറപ്പാക്കുകയും ചെയ്യും.

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ശ്രീകൃഷ്ണ പ്രതിമ ഉൾക്കൊള്ളുന്ന ദേവഭൂമി ദ്വാരക ഇടനാഴി പശ്ചിമ ഇന്ത്യയിലെ ഏറ്റവും വലിയ ആത്മീയ കേന്ദ്രമായി സ്ഥാപിക്കുമെന്നും ബി ജെ പിയുടെ പ്രകടനപത്രികയിൽ വാഗ്ദ്ധാനം ചെയ്യുന്നു.



## പന്നികൾക്കായി 26 നില 'കൊട്ടാരം' പണിത് ചൈന; പകർച്ചവ്യാധി മുന്നറിയിപ്പുമായി ആരോഗ്യവിദഗ്ധർ

ഒരു സമയം ആറര ലക്ഷം മൃഗങ്ങളെ പാർപ്പിക്കാൻ കഴിയുന്ന 26 നിലകളിലായുള്ള പന്നി ഫാം പണിത് ചൈന. ഒരു വർഷത്തേക്ക് ഹുബെയ് പ്രവിശ്യയിലേക്ക് ഒരുമില്ല്യൺ പന്നികളുടെ ഇറച്ചി ലഭ്യമാക്കാൻ ഈ ഫാമിലൂടെ കഴിയുമെന്ന് അധികൃതർ വ്യക്തമാക്കി. 'പന്നിക്കൊട്ടാരം' എന്നറിയപ്പെടുന്ന ഈ ഫാം ഒരൊറ്റ കെട്ടിടത്തിലൊരുക്കുന്ന ഏറ്റവും വലിയ പന്നിഫാമാണ്.

ഹുബെയ് പ്രവിശ്യയിലെ തെക്കൻ പ്രാന്തപ്രദേശമായ ഇസൗവിലാണ് ഈ പന്നി ഫാം സ്ഥിതി ചെയ്യുന്നത്. അതേസമയം, മൃഗങ്ങളെ ബാധിക്കുന്ന പകർച്ചവ്യാധികൾ വലിയ തോതിൽ പടരാനുള്ള സാധ്യത ഏറെയാണെന്ന് ആരോഗ്യവിദ്ഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

താപനില നിയന്ത്രിക്കുന്ന സംവിധാനം ഈ ഫാമിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ പന്നികൾക്ക് ഭക്ഷണം നൽകുന്നതിന് 30,000 ഓട്ടോമാറ്റിക് ഫീഡിങ് സ്പോട്ടുകളും ഘടിപ്പിച്ചിട്ടുണ്ട്. ഇവിടെ നിന്നുള്ള മാലിന്യം ബയോഗ്യാസ് നിർമാണത്തിനാണ് ഉപയോഗിക്കുകയെന്ന് ദ ഗാർഡിയൻ റിപ്പോർട്ട് ചെയ്തു.


2018നും 2020–നും ഇടയിൽ പടർന്നുപിടിച്ച ആഫ്രിക്കൻ പന്നിപ്പനിയെത്തുടർന്ന് 100 മില്യൺ പന്നികളെ ചൈനയിൽ കൊന്നു കളഞ്ഞിരുന്നു. തുടർന്ന് ഇപ്പോഴാണ് വലിയ തോതിൽ പന്നിയിറച്ചി ഉത്പാദനം കൂട്ടാൻ തീരുമാനിച്ചത്. ലോകത്ത് ഉത്പാദിപ്പിക്കുന്ന ആകെ പന്നിയിറച്ചിയുടെ പകുതിയും ചൈനയിലാണ് ഉപയോഗിക്കുന്നത്.

പുതിയ ഫാമിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും പകർച്ചവ്യാധി ഭീഷണി നിലനിൽക്കുന്നുണ്ടെന്നും അതിൽ പലഘട്ടങ്ങളായുള്ള അണുനശീകരണപ്രക്രിയയിലൂടെയും പരിശോധനകളിലൂടെയും കടന്നുപോകണമെന്നും ഗാർഡിയന്റെ റിപ്പോർട്ട് വ്യക്തമാകുന്നു.



# വരുന്നു, 'മലബാർ ബ്രാണ്ടി'; ഓണത്തിന് മുൻപ് കേരള സർക്കാരിന്റെ പുതിയ മദ്യം

**തിരുവനന്തപുരം:** കേരള സർക്കാർ പുറത്തിറക്കുന്ന പുതിയ ബ്രാൻഡി ഓണത്തിന് മുമ്പ് വിപണിയിൽ എത്തിക്കുമെന്ന് ബിവറേജസ് കോർപ്പറേഷൻ എംഡി യോഗേഷ് ഗുപ്ത. മലബാർ ബ്രാണ്ടി എന്ന പേരിലായിരിക്കും പുതിയ മദ്യം വിപണിയിലിറക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി. ഏപ്രിൽ അവസാനത്തോടെ പുതിയ മദ്യം പുറത്തിറക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. മറ്റ് ബ്രാൻഡുകളെ അപേക്ഷിച്ച് കുറഞ്ഞ വിലയ്ക്കായിരിക്കും വിൽപ്പന. ചിറ്റൂരിലുള്ള മലബാർ ഡിസ്റ്റലറീസിലാണ് മലബാർ ബ്രാൻഡി ഉത്പാദിപ്പിക്കുക. ഇതിനായി ബോർഡിന്റെ അനുമതിയും ടെൻഡർ നടപടികളും പൂർത്തിയാക്കി കഴിഞ്ഞെന്നും അദ്ദേഹം വ്യക്തമാക്കി. വില കുറഞ്ഞ ബ്രാൻഡുകളുടെ ലഭ്യതക്കുറവ് പരിഗണിച്ചും സർക്കാർ മേഖലയിൽ മദ്യത്തിന്റെ ഉത്പാദനം കൂട്ടാനും ലക്ഷ്യമിട്ടാണ് മലബാർ ബ്രാൻഡിയുടെ നിർമാണം. ഫാക്ടറിയുടെ നിർമാണ പ്രവർത്തനങ്ങൾ അടുത്ത മാസം തുടങ്ങും. കേരള പൊലീസ് ഹൗസിങ് കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡിനാണ് നിർമാണ ചുമതല. നിലവിൽ തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽ ലിമിറ്റഡ് ഉൽപാദിപ്പിക്കുന്ന ജവാൻ റമ്മാണ് സംസ്ഥാന സർക്കാർ പുറത്തിറ



# സർക്കാരുകളെ സമ്മർദ്ദത്തിലാക്കാൻ ഭരണഘടനാപദവി ഉപയോഗിക്കപ്പെടുന്നതിൽ ഉത്കണ്ഠ- മുഖ്യമന്ത്രി

**തിരുവനന്തപുരം:** ഭരണഘടനാദിനത്തിൽ കേന്ദ്രസർക്കാരിനെയും ഗവർണറേയും പരോക്ഷമായി വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരുകൾ രാജ്യത്തിന്റെ വികസന യജ്ഞത്തിൽ കേന്ദ്ര സർക്കാരുമായി തുല്യപങ്കാളിത്തം വഹിക്കേണ്ടവയാണെന്ന അടിസ്ഥാന ജനാധിപത്യ തത്വം വിസ്മരിക്കപ്പെടുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ സമ്മർദ്ദത്തിലാക്കാൻ ഉയർന്ന ഭരണഘടനാപദവികൾ വഹിക്കുന്നവർ പോലും ഉപയോഗിക്കപ്പെടുന്നു എന്നതും ഈ ഭരണഘടനാ ദിനത്തിന്റെ ഉത്കണ്ഠകളിൽ ഒന്നാണെന്ന് മുഖ്യമന്ത്രി വിമർശിച്ചു.

നമ്മുടെ ഭരണഘടന, അത് അംഗീകരിക്കപ്പെട്ടതിന്റെ 73-ാം വാർഷികത്തിലും നേരിടുന്ന വെല്ലുവിളികൾ നിസ്സാരമല്ല. അത്തരം വെല്ലുവിളികളെ പ്രതിരോധിക്കാനും ഭരണഘടനാ മൂല്യങ്ങളും തത്വങ്ങളും കാത്തുസൂക്ഷിക്കാനും സംരക്ഷിക്കാനും നാം പ്രതിജ്ഞ പുതുക്കേണ്ട സന്ദർഭം കൂടിയാണ് ഈ ദിനമെന്നും മുഖ്യമന്ത്രി ഓർമപ്പെടുത്തി.

ഇന്ന് രാജ്യത്ത് മതനിരപേക്ഷ, ജനാധിപത്യ, ഫെഡറൽ മൂല്യങ്ങൾ കനത്ത വെല്ലുവിളി നേരിടുകയാണ്. പൗരത്വം മതാടിസ്ഥാനത്തിലാക്കാനുള്ള നീക്കങ്ങളും ഉണ്ടാവുന്നു. സമ്പദ്ഘടനയുടെ കൂറ്റൻ തൂണുകളാകണമെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റഴിക്കപ്പെടുന്നു. തൊഴിലെടുക്കുന്നവരുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നു. ഭരണഘടനയുടെ നിർദ്ദേശക ഉന്നതവിദ്യാഭ്യാസ മേഖലയിൽ മതനിരപേക്ഷ തത്വങ്ങൾ അട്ടിമറിക്കപ്പെടുന്നു. തത്വങ്ങൾക്ക് കടകവിരുദ്ധമായ നയപരിപാടികൾ പ്രത്യക്ഷമായും പരോക്ഷമായും നടപ്പാക്കുന്നു. ഇവയെല്ലാം നിയമപരമായും പൊതുമണ്ഡലങ്ങളിലെ പ്രതിഷേധങ്ങളിലൂടെയും എതിർക്കപ്പെടുന്നുണ്ട്. ഈ എതിർപ്പ് ഭരണഘടനാ സംരക്ഷണത്തിന്റെ ശബ്ദമാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചു.

നമ്മുടെ ബഹുസ്വരതയെ ഇല്ലായ്മചെയ്യാനും പിന്തിരിപ്പൻ ആശയങ്ങൾ വരുംതലമുറയുടെ മനസ്സിൽ കുത്തിനിറയ്ക്കാനുമായി പാഠപുസ്തകങ്ങളുടെ ഉള്ളടക്കം മാറ്റുന്ന അപകടകരമായ പ്രക്രിയയാണ് നടക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ശാസ്ത്ര അവബോധം തർക്കാനുള്ള പരീക്ഷണങ്ങളാണ് നടക്കുന്നത്. ശാസ്ത്ര അവബോധ നിർമ്മിതി ഭരണഘടനയുടെ അടിസ്ഥാന കടമകളിലൊന്നാണ്. അതാണ് തൃണവൽഗണിക്കപ്പെടുന്നത്. സംതൃപ്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും ചലിക്കുന്ന തദ്ദേശസർക്കാരുകളും എന്ന യഥാർഥ ഫെഡറൽ സങ്കൽപ്പം സാർഥകമാകാൻ കടമ്പകൾ സൃഷ്ടിക്കപ്പെടുന്നു എന്നതും ഭരണഘടന നേരിടുന്ന വലിയ വെല്ലുവിളിയാണെന്നും മുഖമന്ത്രി പറഞ്ഞു.

# കോതമംഗലത്ത് മയക്കുമരുന്ന് വേട്ട;100 കുപ്പി ബ്രൗൺ ഷുഗറുമായി അസം സ്വദേശി പിടിയിൽ





കോതമംഗലം: നൂറോളം ചെറുകുപ്പികളിലാക്കിയ ബ്രൗൺ ഷുഗറുമായി അസം സ്വദേശി കോതമംഗലത്ത് പിടിയിൽ. തങ്കളം ഭാഗത്ത് അർധരാത്രി എക്സൈസ് നടത്തിയ റെയ്ഡിലാണ് അസം നാഘോൺ സ്വദേശിയായ മുബാറക് (28) പിടിയിലായത്.

രാത്രി കാലങ്ങളിൽ ടൗൺ കേന്ദ്രീകരിച്ച് കഞ്ചാവ്, ബ്രൗൺ ഷുഗർ, എംഡിഎംഎ തുടങ്ങിയ മയക്കുമരുന്നുകളുടെ വില്പനയും വിതരണവും നടക്കുന്നതായി എക്സൈസിന് വിവരം ലഭിച്ചിരുന്നു. ഇതേത്തുടർന്ന് രാത്രികാല പട്രോളിങ് ശക്തമാക്കിയിരുന്നു. ഇതിനിടെയാണ് വെള്ളിയാഴ്ച രാത്രി തങ്കളം-കാക്കനാട് ബൈപ്പാസ് റോഡിൽ നിന്ന് അസം സ്വദേശി പിടിയിലായത്.

ബ്രൗൺ ഷുഗർ എത്തിച്ച് ചില്ലറ വിതരണം നടത്തിയിരുന്ന ആളാണ് ഇയാൾ. ബൈക്കിൽ സഞ്ചരിച്ച് ആവശ്യക്കാരിലേക്ക് എത്തിക്കുന്നതായിരുന്നു പതിവ്. ഇയാളുടെ ബൈക്കും പിടിച്ചെടുത്തിട്ടുണ്ട്.

കോതമംഗലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എ. ജോസ് പ്രതാപിന്റെ നേതൃത്വത്തിലാണ് മയക്കുമരുന്ന് വേട്ട നടന്നത്. പ്രിവന്റീവ് ഓഫീസർമാരായ കെ.എ. നിയാസ്, ജയ് മാത്യു, എ.ജെ. സിദ്ധിക്ക്, സി.ഇ.ഒ.മാരായ കെ.സി. എൽദോ, എം.എം. നന്ദു, ബേസിൽ കെ. തോമസ്, ഡ്രൈവർ ബിജു പോൾ എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.


## ലോകചരിത്രത്തിലാദ്യമായി

**22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്**

**URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ**



## ഡോ. നിരണം രാജൻ

അവതരിപ്പിക്കുന്ന

## പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647

സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്



സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും
ബന്ധപെടുക

## പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

**വിളിക്കുക**

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.




# ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് സ്ഥാനത്തേക്ക് പി.ടി ഉഷ മത്സരിക്കും

**തിരുവനന്തപുരം:** ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് സ്ഥാനത്തേക്ക് പി.ടി ഉഷ മത്സരിക്കും. നാമനിർദേശ പത്രിക നൽകുമെന്ന് പിടി ഉഷ ഫെയ്സ്ബുക്ക് കുറിപ്പിലൂടെ അറിയിച്ചു. അത്‌ലറ്റുകളുടെയും നാഷണൽ ഫെഡറേഷനുകളുടെയും പിന്തുണയോടെയാണ് മത്സരിക്കുന്നതെന്നും ഉഷ വ്യക്തമാക്കി.

# കോഴിക്കോട്ടുനിന്ന് പോയ ആംബുലൻസിനു നേരെ ബിഹാറിൽ വെടിവെപ്പ്; വഴിയിൽ കുടുങ്ങി മലയാളികൾ

**കോഴിക്കോട്:** കോഴിക്കോടുനിന്ന് ബിഹാറിലേക്ക് പോയ ആംബുലൻസിന് നേരെ വെടിവെപ്പ്. മധ്യപ്രദേശിലെ ജബൽപുർ-റീവ ദേശീയപാതയിൽ വെച്ചാണ് ആക്രമണം ഉണ്ടായത്. ട്രെയിൻ തട്ടി മരിച്ച ബിഹാർ സ്വദേശിയുടെ മൃതദേഹവുമായി കോഴിക്കോടുനിന്ന് ബുധനാഴ്ച പുറപ്പെട്ട മലയാളികളുടെ ആംബുലൻസിനു നേരെയാണ് വെടിവെപ്പുണ്ടായത്.

കോഴിക്കോട് സ്വദേശികളായ ഫഹദ്, രാഹുൽ എന്നിവരാണ് ഡ്രൈവർമാർ. ഇവരേക്കൂടാതെ ബിഹാർ സ്വദേശികളായ രണ്ടുപേരും ആംബുലൻസിലുണ്ട്. ദേശീയപാതയുടെ ഒരുഭാഗത്തു നിന്ന് എയർ ഗൺ ഉപയോഗിച്ച് വെടിവെച്ചതാണെന്നാണ് കരുതുന്നതെന്നാണ് ഡ്രൈവർ ഫഹദ് പറയുന്നത്.

ലക്ഷ്യസ്ഥാനത്തെത്താൻ ഇനിയും 700 കിലോമീറ്ററോളം യാത്ര ബാക്കിയുണ്ട്. ബീഹാർ പോലീസിൽ വിവരം അറിയിച്ചിട്ടും സഹായം ലഭിച്ചില്ലെന്നും ഫഹദ് പറയുന്നു. ഇവർ ഇപ്പോൾ ബിഹാറിൽ കുടുങ്ങിയിരിക്കുകയാണെന്നാണ് വിവരം.






# ചങ്ങനാശ്ശേരി അതിരൂപതയുടെ പരിപാടിയിൽ മുഖ്യാതിഥിയായി ശശി തരൂർ

**കോട്ടയം:** ചങ്ങനാശ്ശേരി അതിരൂപതയുടെ പരിപാടിയിൽ മുഖ്യാതിഥിയായി ശശി തരൂർ എംപി. സഭയുടെ യുവദീപ്തി എസ് എം വൈ എം എന്ന യുവജന സംഘടനയുടെ സുവർണ ജൂബിലി സമാപന സമ്മേളനത്തിലാണ് തരൂർ മുഖ്യാതിഥിയാവുക.

ഡിസംബർ നാലിനാണ് സമാപന സമ്മേളനം. തരൂരിന്റെ സന്ദർശന വിലക്ക് വിവാദമായ സാഹചര്യത്തിലാണ് ചങ്ങനാശേരി അതിരൂപതയുടെ സ്വീകരണം.

കോട്ടയത്ത് ശശി തരൂർ പങ്കെടുക്കുന്ന പരിപാടിയുടെ ഫ്ളക്സ് ബോർഡിൽ നിന്നും വി ഡി സതീശന്റെ പേരും ചിത്രവും ഒഴിവാക്കിയത് വിവാദമായിരുന്നു. ഇതിന് പിന്നാലെ ഈരാറ്റുപേട്ടയിൽ വി ഡി സതീശന് അഭിവാദ്യമർപ്പിച്ചു കൊണ്ടുള്ള ഫ്ളക്സ് ബോർഡുകൾ പ്രത്യക്ഷപ്പെട്ടു. വിചാർ വിഭാഗം ഈരാറ്റുപേട്ട മണ്ഡലം കമ്മിറ്റിയുടെ പേരിലാണ് സതീശൻ അഭിവാദ്യം അർപ്പിച്ചുകൊണ്ടുള്ള ഫ്ളക്സുകൾ.

മലബാർ സന്ദർശനത്തിൽ തരൂർ പാണക്കാട് തങ്ങൾ കുടുംബത്തേയും കാന്തപുരം എപി അബൂബക്കർ മുസ്ലിയാരേയും സന്ദർശിച്ചിരുന്നു. വിവിധ മത നേതാക്കന്മാരെ തരൂർ സന്ദർശിക്കുമെന്നും അറിയിച്ചിരുന്നു. അതേസമയം സമാന്തര പരിപാടി പാടില്ലെന്ന് തരൂരിന് കെപിസിസി അച്ചടക്ക സമിതി നിർദേശം നൽകി. പാർട്ടി ചട്ടക്കൂടിനുള്ളിൽ നിന്ന് തരൂരിന് പരിപാടികളിൽ പങ്കെടുക്കാം. ബന്ധപ്പെട്ട പാർട്ടി ഘടകങ്ങളുടെ അനുമതിയോടെ മാത്രമേ പരിപാടികളിൽ പങ്കെടുക്കാവൂ.

ബന്ധപ്പെട്ട എല്ലാവരെയും നിർദേശം അറിയിച്ചുവെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയിച്ചു. ഡിസിസി അനുമതിയോടെ ഏത് പരിപാടിയിലും പങ്കെടുക്കാം. ജില്ലാ കോൺഗ്രസ് നേതൃത്വത്തെ പരിപാടിയുടെ കാര്യങ്ങൾ അറിയിച്ചിരിക്കണം. എല്ലാ നേതാക്കൾക്കും ഇത് ബാധകമാണെന്നും അദ്ദേഹം വ്യക്കമാക്കി. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന അച്ചടക്ക സമിതിയിലാണ് തീരുമാനമുണ്ടായത്.


PSS

PH : 0479 2470120
Mob: 9995711426
9497152942
Emal: sasikrishnan37@gmail.com

PARABHRAHMA SECURITY SERVICE

U.A. No. KL01D0001286 dt 21.05.2016
ANANYA NIVAS, CHINGOLI P.O. Near NTPC Plant



V.K.SASI (Retd.Sub Maj)
SECURITY IN-CHARGE
Phone: 9497152942

K.KUMAR (Retd. Army)
OPERATIONAL MANAGER
Phone: 9747848708

We Provide Security Services,
House Keeping and Man power supply

PSARA (Private Security Agency
Registrration Authority)
Registration holder

സെക്യൂരിറ്റി ഗാർഡ്കളെ
ആവശ്യമുള്ളവരും
സെക്യൂരിറ്റി ജോലി ആവശ്യമുള്ളവരും
ബന്ധപ്പെടുക.
ഹോം നേഴ്സ്, ഹൗസ്കീപ്പിംഗ് (വീട്ടുജോലി)
മറ്റ് ജോലികൾക്ക് ആവശ്യമായ തൊഴിലാളികളെ
ഉത്തരവാദിത്വത്തോടുകൂടി
മിതമായ നിരക്കിൽ ഏർപ്പാടാക്കികൊടുക്കുന്നു.


special-news



# തുണി തല്ലിയലക്കും, നേർച്ചയായി വസ്ത്രങ്ങൾ; ഇതാ അപൂർവ്വമായൊരു അമ്മത്തെയ്യം!

## ഈ അമ്മത്തെയ്യത്തിന്റെ കഥ അലക്കുകാരിയായ ഒരു വണ്ണാത്തിപ്പെണ്ണിന്റെ ജീവിത കഥയാണ്.

അർദ്ധരാത്രിയിൽ ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ അലക്കുകല്ലിൽ തുണി തല്ലി അലക്കുകയാണ് ഒരു സ്ത്രീരൂപം. അതൊരു സാധാരണ സ്ത്രീയല്ല. ഒരു അമ്മ ദൈവമാണ്. വാദ്യത്തിനൊത്ത് താളത്തിൽ തുണിയലക്കുന്ന ആ കാഴ്ച കണ്ടാൽ സങ്കടമാണോ നിസഹായതയാണോ അതോ ആനന്ദമാണോ എന്ന് തിരിച്ചറിയാനാകാത്ത ഒരു വികാരം നിങ്ങളെ വന്നു പൊതിയും. അറിയാതെ കണ്ണു നനയും. ദൈവക്കരുവായിട്ടും തുണി കഴുകുന്ന ആ അമ്മത്തെയ്യമാണ് വണ്ണാത്തിപ്പോതി അഥവാ വണ്ണാത്തി ഭഗവതി. കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവിനടുത്ത കൂവേരിയിലെ പുല്ലായിക്കൊടി തറവാട്ടിൽ കഴിഞ്ഞ ദിവസം കെട്ടിയാടിയ ഈ അമ്മത്തെയ്യത്തിൻറെ കഥ അലക്കുകാരിയായ ഒരു വണ്ണാത്തിപ്പെണ്ണിൻറെ ജീവിത കഥയാണ്.
വണ്ണാത്തിപ്പോതിയുടെ കഥ അറിയണമെങ്കിൽ ആദ്യം വണ്ണാത്തി മാറ്റിനെക്കുറിച്ചറിയണം, വണ്ണാൻ സമുദായത്തെക്കുറിച്ചറിയണം. അത്യുത്തര കേരളത്തിലെ കനലാടി സമുദായങ്ങളിൽ മുഖ്യസ്ഥാനത്തുള്ളവരാണ് വണ്ണാൻ സമുദായക്കാർ. തെയ്യംകെട്ടും അലക്കുമാണ് ഇവരുടെ കുലത്തൊഴിൽ. സമുദായത്തിലെ ആചാരപ്പെടുന്ന കോലക്കാർ പെരുവണ്ണാൻ എന്നറിയപ്പെടും. വണ്ണാൻ സമുദായത്തിലെ സ്ത്രീജനങ്ങളാണ് വണ്ണാത്തിമാർ. അലക്കുകാരികളാണ് വണ്ണാത്തികൾ. തീയ്യസമുദായങ്ങളുടെ തുണി അലക്കലായിരുന്നു വണ്ണാത്തി സ്ത്രീകളുടെ കുലത്തൊഴിൽ.
മരിച്ചാൽ പുല, ജനിച്ചാൽ പുല തുടങ്ങിയ പലപല പുലകൾ നിലനിന്നിരുന്ന കാലം. ഈ പുലകൾക്ക് ശേഷം തീണ്ടാരിക്കുളി കഴിഞ്ഞാൽ വണ്ണാത്തി മാറ്റ് നൽകുക എന്നൊരു ആചാരം പണ്ട് വടക്കേ മലബാറിൽ നിലനിന്നിരുന്നു. തീയർ ഉൾപ്പടെ ഉള്ള ജാതിക്കാരുടെ മറ്റും ആർത്തവാശുദ്ധി മാറാനും, കൂട്ടത്തിലുള്ളവർ മരിച്ചാലുള്ള പുല മാറ്റാനും അലക്കി ശുദ്ധിയാക്കിയ വസ്ത്രം വണ്ണാത്തി സ്ത്രീകൾ നൽകണം. വണ്ണാത്തി അലക്കി നൽകുന്ന തുണികൾക്ക് വണ്ണാത്തിമാറ്റ് എന്ന് പറയും. അകനാൾ നീക്കൽ എന്നും ഈ ആചാരം അറിയപ്പെട്ടിരുന്നു. പത്തൊമ്പതാം ശതകത്തിന്റെ അന്ത്യം വരെ ഒരു പ്രധാനപ്പെട്ട മതാചാരമായിരുന്നു ഈ വണ്ണാത്തിമാറ്റ്.
യതാർത്ഥത്തിൽ തീയ്യ സമുദായത്തിൻറെ അലക്കുകാരികളായിരുന്നു വണ്ണാത്തികൾ. നമ്പൂതിരിമാർക്കും നായന്മാർക്കുമൊക്കെ പ്രത്യേകം അലക്കുകാർ ഉണ്ടായിരുന്നു. പക്ഷേ അന്തർജനങ്ങളുടെയും നായർ സ്ത്രീകളുടെയും ഋതു സ്നാന ശുദ്ധിയും വിവാഹാദി മംഗള കർമ്മങ്ങളിലെ ശുദ്ധിയും പുലശുദ്ധിയുമൊക്കെ സാധൂകരിക്കപ്പെടണമെങ്കിൽ വണ്ണാത്തികൾ കൊടുക്കുന്ന മാറ്റ് തുണിതന്നെ ധരിക്കണമെന്നത് നിർബന്ധമായിരുന്നു. വാലായ്മയും പുലയും നീങ്ങാൻ നിശ്ചിത ദിവസം വണ്ണാത്തിമാറ്റ് ഉടുത്ത് ഈ സ്ത്രീകൾ കുളിക്കണം എന്നായിരുന്നു ആചാരം.
തീയ്യ കഴകങ്ങളുടെ അധികാര പരിധിക്ക് കീഴിൽ ഉള്ളവരായിരുന്നു വണ്ണാത്തികൾ. അതുകൊണ്ടുതന്നെ നമ്പൂതിരിമാർക്കും നായന്മാർക്കും സാമുദായികമായി ഭ്രഷ്ട് ഇല്ലെന്നതിന്റെ മാറ്റ് കൊടുക്കാനും മാറ്റ് വിലക്കാനുമുള്ള അപൂർവ്വമായ അധികാരം അത്യുത്തരകേരളത്തിലെ തീയ്യ സമുദായത്തിന് ലഭിച്ചിരുന്നു അക്കാലത്ത്. ഈ പ്രമാണിമാരുടെ അപ്രീതിക്ക് പാത്രമാവുന്ന നമ്പൂതിരിക്കും നായർക്കും കഴകം വഴി വണ്ണാത്തിമാറ്റ് വിലക്കും. മാറ്റ് ധരിച്ചു ശുദ്ധം മാറാതെ വന്നാൽ ഭ്രഷ്ട് സംഭവിക്കും. കുടുംബത്തിനു പുറത്താകുകയും ചെയ്യും. അതായിരുന്നു മതാചാരം. നാടുവാഴിക്കെതിരായി നീങ്ങുന്നവർക്ക് നൽകിയിരുന്ന കടുത്ത ശിക്ഷകളിലൊന്ന് കൂടിയായിരുന്നു വണ്ണാത്തിമാറ്റ് വിലക്ക്. ഇതിനായി നാടുവാഴികൾ തീയ്യ കഴകങ്ങളുടെ സഹായം തേടും. നാടുവാഴിക്ക് വേണ്ടി തീയ്യർ നേരിട്ട് വണ്ണാത്തിമാറ്റ് വിലക്കും. ഇതായിരുന്നു പതിവ്.
നായർ സ്ത്രീകൾ പുറത്തുമാറിയാൽ ശുദ്ധം വരാൻ വണ്ണാത്തിമാറ്റ് ഉടുക്കണം. പ്രസവിച്ചാലും ശുദ്ധം വരാൻ വണ്ണാത്തി മാറ്റ് ധരിക്കണം. അങ്ങനെ നമ്പൂതിരി മുതൽ തീയ്യർ വരെയുള്ള എല്ലാ ഹിന്ദു സ്ത്രീകളുടെയും തീണ്ടാരി ശുദ്ധിയും പ്രസവ ശുദ്ധിയും വണ്ണാത്തികൾ നടത്തിവന്നിരുന്നു. ഇതിന് ഓരോ വീട്ടിൽ നിന്നും ഒരു നിശ്ചിത ഇടങ്ങഴി നെല്ല് ഇവർക്ക് പ്രതിഫലമായും ലഭിച്ചിരുന്നു. ക്ഷേത്രത്തിലെ ദേവിമാരുടെ തീണ്ടാരി ശുദ്ധി പോലും നിർവ്വഹിക്കേണ്ട ചുമതലക്കാരികളായിരുന്നത്രെ അക്കാലത്തെ വണ്ണാത്തികൾ.
ഇനി നമുക്ക് നമ്മുടെ വണ്ണാത്തിപ്പോതിയുടെ കഥയിലേക്ക് വരാം. അത് ഋതുമതിയായ ഭദ്രകാളിയുടെയും ആര്യക്കര വണ്ണാത്തിയുടെയും കഥയാണ്.
തെയ്യക്കാരനായ ഒരു പെരുവണ്ണാൻറെ ധർമ്മപത്നിയായിരുന്നു ആര്യക്കര വണ്ണാത്തി. ഋതുമതിയായ കാളിപ്പൊന്മകൾ ഒരുദിവസം നല്ലച്ഛനായ പരമശിവന്റെ അരികിലെത്തി. കുളിച്ച് ശുദ്ധി വരുത്തുന്നതിന് തനിക്ക് മാറ്റ് വേണം. ഇതായിരുന്നു പൊന്മകളുടെ ആവശ്യം. കീഴ്‌ലോകത്തെ ആര്യക്കര വണ്ണാത്തിപ്പെണ്ണിൻറെ പേരു പറഞ്ഞു നല്ലച്ഛൻ. അങ്ങനെ ഒരു നാട്ടുപെണ്ണിന്റെ രൂപമെടുത്ത കാളിത്തിരുമകൾ മാറ്റുവാങ്ങാൻ ചെറുമനുഷ്യരുടെ ഇടയിലേക്കിറങ്ങി.
അന്നും പതിവ് പോലെ മാറ്റുമായി പോകുകയായിരുന്നു ആര്യക്കര പെരുവണ്ണാത്തി. ഉച്ചവെയിലിൽ നടന്നു വരുന്ന വണ്ണാത്തിയെ കാളിത്തിരുമകൾ കണ്ടു. മാറ്റ് ചോദിച്ചു. പക്ഷേ ആളറിയാതെ പെരുവണ്ണാത്തി മാറ്റ് കൊടുക്കാൻ വിസമ്മതിച്ചു. മാറ്റില്ലാതെ തന്നെ കുളിക്കാൻ തീരുമാനിച്ച കാളിത്തിരുമകൾ നേരെ പുഴക്കടവിലിറങ്ങി. അവിടെ വസ്ത്രങ്ങൾ അലക്കുന്നുണ്ടായിരുന്നു അപ്പോൾ നമ്മുടെ ആര്യക്കര പെരുവണ്ണാത്തി. ഒരിക്കൽക്കൂടി പെരുവണ്ണാത്തിയുടെ അരികിലെത്തിയ കാളിത്തിരുമകൾ വീണ്ടും മാറ്റ് ചോദിച്ചു. കൊടുത്തില്ല എന്നു മാത്രമല്ല അൽപ്പം പരിഹസിക്കുകയും ചെയ്തു പെരുവണ്ണാത്തി. അരിശം കയറിയ പൊന്മകൾ പെരുവണ്ണാത്തിയുടെ മുടിയിൽ പിടിത്തമിട്ടു. അലക്കുകല്ലിലേക്ക് ആ തല വീശിയടിച്ചു. പിന്നെ തിരുവായുധമെടുത്ത് ആ ശിരസറുത്തു. കാളിക്കയ്യാൽ വധിക്കപ്പെട്ട പെരുവണ്ണാത്തി ദൈവക്കരുവായി, വണ്ണാത്തിപ്പോതിയായി.
ഈ കഥയ്ക്ക് ചില പാഠഭേദങ്ങളും ഉണ്ട്. മറ്റൊരു കഥയിൽ പെരുവണ്ണാത്തിയോട് മാറ്റ് ചോദിക്കുന്ന പെണ്ണൊരുത്തി കരുവാൾ ഭഗവതിയാണ്. മാറ്റുമായി നടന്നുവരുന്ന പെരുവണ്ണാത്തിയെ കാഞ്ഞിരക്കെട്ടിന്റെ ഇടയിലിരുന്ന കാട്ടുമൂർത്തിയായ കരുവാൾ ഭഗവതി കണ്ടെന്നാണ് ഇക്കഥ. ഇല്ലത്തളയിട്ട് കറുമ്പിയായി വേഷമിട്ട് കാഞ്ഞിരക്കെട്ടിൻറെ ഇടയിൽ നിന്നും വഴിവക്കിലേക്കിറങ്ങി നിന്നു കരുവാൾ ഭഗവതി. അരികിലെത്തിയ വണ്ണാത്തിയോട് മൂന്നാംകുളി കഴിഞ്ഞ എനിക്കും മാറ്റ് വേണമെന്ന് അപേക്ഷിച്ചു.
കാട്ടാളത്തിക്കെന്തിന് മാറ്റെന്ന് പരിഹസിച്ചു ചിരിച്ചു അപ്പോൾ പെരുവണ്ണാത്തി. നടന്നുനീങ്ങിയ വണ്ണാത്തിയെ കാട്ടുകറുമ്പി തടഞ്ഞു. എന്നിട്ട് വണ്ണാത്തിയെ ചുഴറ്റിയെടുത്ത് പാറക്കല്ലിൽ അടിച്ചു. മരണാനന്തരം വണ്ണാത്തി പോതിയായി പെരുവണ്ണാത്തി. തീർന്നിട്ടില്ല, ഇനിയുമുണ്ട് ഒരുകഥ കൂടി. തിരുവർകാട്ട് ഭഗവതിയുടെ പുറം കാവൽക്കാരാണ് ആനാട ഭഗവതിയും കമ്മിയമ്മയും പരാളി അമ്മയും പഞ്ചുരുളിയമ്മയും. അതിൽ ആനാട ഭഗവതി അഥവാ ആലാട ഭഗവതി വധിച്ചതിനാൽ ദൈവക്കരുവായിത്തീർന്ന പെരുവണ്ണാത്തിയുടെ തെയ്യക്കോലമാണ് വണ്ണാത്തി ഭഗവതിയെന്നാണ് ഈ കഥ.
ചിങ്കത്താന്മാർ, മാവിലർ, പാണർ തുടങ്ങിയ സമുദായക്കാരാണ് വണ്ണാത്തി ഭഗവതിയുടെ കോലം കെട്ടിയാടുന്നത്. അരയിൽ വെളുമ്പനുടുപ്പും തലയിൽ ചെറിയ പട്ടവും മാത്രമാണ് വേഷം. മാവിലർ കെട്ടുന്ന വണ്ണാത്തിപ്പോതിക്ക് 'നാഗം താഴ്ത്തി' എന്ന ശൈലിയിലാണ് മുഖത്തെഴുത്ത്. ചിങ്കത്താന്മാർ കെട്ടുമ്പോൾ 'തേപ്പും കുറിയും' എന്ന മുഖത്തെഴുത്ത് ശൈലിയാണ്.



# വനിതാ വികസന കോർപ്പറേഷന് 100 കോടിയുടെ അധിക സർക്കാർ ഗ്യാരന്റി: 4000 സ്ത്രീകൾക്ക് അധികമായി വായ്പ ലഭ്യമാകും

**തിരുവനന്തപുരം:** കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 100 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി ലഭ്യമായതായി ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്.ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നു വായ്പ സ്വീകരിക്കുന്നതിനാണ് അധികമായി സർക്കാർ ഗ്യാരന്റി അനുവദിക്കാൻ ഇക്കഴിഞ്ഞ മന്ത്രിസഭായോഗം അനുമതി നൽകിയത്. ഇതോടെ 845.56 കോടി രൂപയുടെ സർക്കാർ ഗ്യാരന്റിയാണ് കോർപ്പറേഷന് ലഭിക്കുന്നത്. ഇത് വനിത വികസന കോർപ്പറേഷന്റെ പ്രവർത്തന മേഖലയിൽ നിർണായക മുന്നേറ്റമുണ്ടാകും. ഇപ്പോൾ ലഭ്യമായിരിക്കുന്ന അധിക ഗ്യാരന്റി കൂടി പ്രയോജനപ്പെടുത്തി നടപ്പ് സാമ്ബത്തിക വർഷത്തിൽ 200 കോടി രൂപയുടെ വായ്പാ വിതരണം ചെയ്യുന്നതിനാണ് വനിതാ വികസന കോർപ്പറേഷൻ ലക്ഷ്യം വയ്ക്കുന്നത്. കഴിഞ്ഞ സാമ്ബത്തിക വർഷത്തെക്കാളും 4000 ഓളം സ്ത്രീകൾക്ക് അധികമായി മിതമായ നിരക്കിൽ സ്വയം തൊഴിൽ വായ്പ ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. 202122 സാമ്ബത്തിക വർഷത്തിൽ 11,766 വനിതകൾക്ക് 165.05 കോടി രൂപ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വിതരണം ചെയ്തു. കൂടാതെ നടപ്പ് സാമ്ബത്തിക വർഷത്തിൽ ഇതുവരെ 7115 വനിതകൾക്ക് 109 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. സർക്കാരിന്റെ പദ്ധതി നടത്തിപ്പിലൂടെയും വായ്പാ വിതരണത്തിലൂടെയും ഈ സർക്കാർ ഭരണത്തിൽ വന്നശേഷം 10 ലക്ഷത്തോളം വനിതകൾക്ക് വിവിധ രീതിയിലുള്ള സേവനമെത്തിക്കാൻ വനിത വികസന കോർപറേഷന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനും ഉന്നമനത്തിനും സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണിത്.കഴിഞ്ഞ മുപ്പത് വർഷങ്ങളായി കേരളത്തിലെ സ്ത്രീകളുടെ സാമ്ബത്തിക ശാക്തീകരണം മുൻ നിർത്തി പ്രവർത്തിച്ചു വരുന്ന വനിത വികസന കോർപ്പറേഷൻ വിവിധ ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെയും സംസ്ഥാന സർക്കാരിന്റെയും സ്വയം തൊഴിൽ വായ്പാ ചാനലൈസിംഗ് ഏജൻസിയാണ്. സംസ്ഥാന സർക്കാരിന്റെയും ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെയും സഹായത്തോടെ വിവിധ വിഭാഗങ്ങളിലുള്ള സ്ത്രീകൾക്ക് ലളിതമായ വ്യവസ്ഥകളിൽ കുറഞ്ഞ പലിശയ്ക്ക് സ്വയം സംരംഭക വായ്പകൾ കാലങ്ങളായി സ്ഥാപനം നൽകി വരുന്നു. ദേശീയ ധനകാര്യ കോർപ്പറേഷനുകളിൽ നിന്നും വായ്പയെടുക്കുന്നതിലേക്ക് 2016 വരെ 140 കോടി രൂപയുടെ ഗ്യാരന്റി മാത്രമാണ് സ്ഥാപനത്തിനുണ്ടായിരുന്നത്. എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 605.56 കോടി രൂപയുടെ അധിക ഗ്യാരന്റി കോർപ്പറേഷന് അനുവദിച്ചു നൽകി. ഇതുകൂടാതെയാണ് 100 കോടിയുടെ അധിക ഗ്യാരന്റി ഇപ്പോൾ അനുവദിച്ചിരിക്കുന്നത്.


സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും. സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും ബന്ധപെടുക

**പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്**

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

**വിളിക്കുക**

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.



# അന്തസ്സാർന്ന ജീവിതം നയിക്കാൻ കഴിയുന്ന രീതിയിൽ കാർഷിക മേഖലയെ മാറ്റും: മന്ത്രി പി പ്രസാദ്

അന്തസ്സാർന്ന ജീവിതം നയിക്കാൻ കഴിയുന്ന രീതിയിലേക്ക് കാർഷിക മേഖലയെ മാറ്റിത്തീർക്കുകയാണ് സംസ്ഥാന സർക്കാറിന്റെ ലക്ഷ്യമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. കൃഷി ദർശന്റെ ഭാഗമായി പിണറായി കൺവെൻഷൻ സെന്ററിൽ നടന്ന വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.കാർഷിക മേഖലയിൽ വലിയ മാറ്റത്തിനാണ് കൃഷിവകുപ്പ് ശ്രമിക്കുന്നത്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കർഷകരുമായുള്ള ആശയ വിനിമയത്തിലൂടെ നേരിട്ടറിയുക, കൃഷിയിടത്തിൽ വച്ച് പ്രശ്ന പരിഹാരവും തീരുമാനങ്ങളും കൈക്കൊള്ളുക, മൂല്യവർധിത സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കുക എന്നിവയാണ് കൃഷി ദർശന്റെ ലക്ഷ്യം. സംസ്ഥാനത്തെ രണ്ടാമത്തെ കൃഷി ദർശനാണ് തലശ്ശേരിയിൽ നടന്നത്. അടുത്ത നാല് വർഷത്തിനുള്ളിൽ തലശ്ശേരി ബ്ലോക്കിലെ 70 ഹെക്ടറിൽ പുതുതായി നെൽ കൃഷിയിറക്കും. സംയോജിത കൃഷി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കൃഷി വകുപ്പ് പ്രവർത്തിക്കും. ഇത് സംബന്ധിച്ച് ഉത്തരവിട്ട് കഴിഞ്ഞു. ഓരോ കൃഷി ഭവനും ഒരു മൂല്യവർധിത കാർഷിക ഉൽപ്പന്നം ഉണ്ടാക്കണമെന്നാണ് തീരുമാനം. ഇതിനായി വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ (വാം) യാഥാർഥ്യമാവുകയാണ്. അടുത്ത വർഷം കേരള അഗ്രോ ബിസിനസ് കമ്പനി ആരംഭിക്കും-മന്ത്രി പറഞ്ഞു. കാർഷിക വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന വിഷൻ 26 പദ്ധതി ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും 2023ൽ നടപ്പിലാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കും. കുട്ടികളുടെ കാർഷിക സേന രൂപീകരിക്കും. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി 25000 കൃഷിക്കൂട്ടങ്ങളാണ് സംസ്ഥാനത്ത് രൂപീകരിച്ചത്. ഇതിൽ 80 ശതമാനം കൃഷിക്കൂട്ടങ്ങൾ ഉൽപാദന മേഖലയിലും 20 ശതമാനം സംഭരണ, സംസ്കരണ, മൂല്യവർധിത, വിപണന മേഖലകളിലും പ്രവർത്തിക്കും. യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുമെന്നും മന്ത്രി പി പ്രസാദ് പറഞ്ഞു. മുഖ്യമന്ത്രിയുടെ മണ്ഡലം പ്രതിനിധി പി ബാലൻ, കൃഷി സെക്രട്ടറി ബി അശോക്, ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ കൃഷി ഡയരക്ടർ ചുമതലയുള്ള ജോർജ് അലക്സാണ്ടർ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## പ്രമുഖ നടൻ വിക്രം ഗോഖലെ അന്തരിച്ചു

**പൂനെ:** പ്രമുഖ സിനിമാ- സീരിയൽ നടൻ വിക്രം ഗോഖലെ അന്തരിച്ചു. 82 വയസായിരുന്നു.പൂനെയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെയായിരുന്നു അന്ത്യം. ഭൂൽ ഭുലയ്യ, ഹം ദിൽ ദേ ചുകെ സനം തുടങ്ങിയ സിനിമകളിലൂടെ ശ്രദ്ധേയനായിരുന്നു.ദിവസങ്ങൾക്കു മുൻപാണ് വിക്രം ഗോഖലെയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നത്. ആരോഗ്യം മോശമായതിനെ തുടർന്ന് വെന്റിലേറ്ററിലേക്ക് മാറ്റുകയായിരുന്നു. കഴിഞ്ഞ ദിവസം അദ്ദേഹം മരിച്ചു എന്നു പറഞ്ഞുകൊണ്ട് വാർത്തകൾ പ്രചരിച്ചിരുന്നു. അതീവ ഗുരുതരാവസ്ഥയിൽ ചികിത്സയിലിരിക്കെയാണ് ഇത്തരത്തിൽ വ്യാജ വാർത്ത പ്രചരിച്ചത്. തുടർന്ന് ഇതിനെതിരെ കുടുംബം രംഗത്തെത്തിയിരുന്നു.മറാത്തി, ഹിന്ദി സിനിമകളിൽ നിറഞ്ഞു നിന്നിരുന്ന നടനാണ് വിക്രം ഗോഖലെ. അമിതാഭ് ബച്ചന്റെ അഗ്നിപഥ്, സഞ്ജയ് ലീല ബൻസാലിയുടെ ഹം ദിൽ ദേ ചുകേ സനം തുടങ്ങിയ സിനിമകളിൽ അഭിനയിച്ചു. 1971ലാണ് അഭിനയത്തിലേക്ക് അരങ്ങേറ്റം കുറിക്കുന്നത്. 2010ൽ മറാത്തി ചിത്രം അനുമതിയിലെ പ്രകടനത്തിന് മികച്ച നടനുള്ള ദേശിയ പുരസ്കാരം ലഭിച്ചു. 40 വർഷത്തം കരിയറിൽ നിരവധി ടെലിവിഷൻ സീരിയലുകളിലും വേഷമിട്ടു. മിഷൻ മംഗൾ, ബാംങ് ബാംങ്, ഭൂൽ ഭുലയ്യ എന്നിവയിലാണ് അടുത്തിടെ അഭിനയിച്ചത്.

## 'പാസ് വേഡ്' കരിയർ ഗൈഡൻസ് ക്യാമ്പ് തുടങ്ങി

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പാക്കുന്ന കരിയർ ഗൈഡൻസ് ക്യാമ്പ് 'പാസ് വേഡ് 2022' മുണ്ടേരി ഹയർ സെക്കണ്ടറി സ്കൂളിൽ രാമചന്ദ്രൻ കടന്നപ്പള്ളി എം എൽ എ ഉദ്ഘാടനം ചെയ്തു. ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ സംരക്ഷിക്കാൻ വിദ്യാർഥികൾ മുന്നോട്ട് വരണമെന്ന് അദ്ദേഹം പറഞ്ഞു. ഹയർ സെക്കണ്ടറി വിദ്യാർഥികൾക്കായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. വിദ്യാർഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും എം എൽ എ നിർവഹിച്ചു. മുണ്ടേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് എ പങ്കജാക്ഷൻ അധ്യക്ഷത വഹിച്ചു. കരിയർ ഗൈഡൻസ്, ഗോൾ സെറ്റിങ്, ലീഡർഷിപ്പ്, മോട്ടിവേഷൻ, ടൈം മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ പി ലത്തീഫ്, സയീദ് എന്നിവർ ക്ലാസെടുത്തു. പ്രിൻസിപ്പൽ മനോജ് കുമാർ, ടി കെ മുനീർ, പി അഷ്റഫ് തുടങ്ങിയവർ സംസാരിച്ചു.

## എയ്ഡ്സ് ദിനം ആചരിക്കും

ജില്ലാ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ എയ്ഡ്സ് ദിനം വിപുലമായി ആചരിക്കാൻ എ ഡി എം കെ കെ ദിവാകരന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. നവംബർ 30, ഡിസംബർ ഒന്ന് തീയ്യതികളിലായി ജില്ലയിലെ വിവിധയിടങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ, റാലി, റെഡ് റിബൺ ധരിക്കൽ, മെഴുകുതിരി തെളിയിക്കൽ എന്നിവ സംഘടിപ്പിക്കും. ജില്ലാ പഞ്ചായത്തിന്റെ എയ്ഡ്സ് നിയന്ത്രണ സമിതി, സ്നേഹതീരം എം എസ് എം, ട്രാൻസ്ജെൻഡർ സുരക്ഷ പദ്ധതി, ചോല എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടികൾ നടത്തുക. കലക്ടറേറ്റിൽ നടന്ന യോഗത്തിൽ ഡെപ്യൂട്ടി ഡി എം ഒ ഡോ. എം പി ജീജ, ജില്ലാ ടിബി ആൻഡ് എയിഡ്സ് കൺട്രോൾ ഓഫീസർ ഡോ. ജി അശ്വിൻ, ജില്ലാ ടി ബി ആൻഡ് എച്ച് ഐ വി കോ-ഓർഡിനേറ്റർ പി പി സുനിൽ കുമാർ, ജില്ലാ സാക്ഷരത മിഷൻ കോ-ഓർഡിനേറ്റർ ടി വി ശ്രീജൻ, എസ് ഇ ടി യു പ്രൊജക്ട് കൊ- ഓർഡിനേറ്റർ സുന എസ് ചന്ദ്രൻ, ചോല സുരക്ഷ പ്രൊജക്ട് മാനേജർ വി പി ശേഷ്മ, എ സി എസ് എം ജില്ലാ കോ-ഓർഡിനേറ്റർ പി പി സഹന എന്നിവരും പങ്കെടുത്തു.

# മാർഗംകളി ഫലത്തെച്ചൊല്ലി തർക്കം; പഠിപ്പിച്ച അധ്യാപകൻ തന്നെ ജഡ്ജായെന്ന് ആരോപണം

**തിരുവനന്തപുരം:** റവന്യു ജില്ല കലോത്സവത്തിൽ മാർഗംകളിയിലെ വിധി നിർണയത്തിനെതിരെ മത്സരാർത്ഥികളും രക്ഷാകർത്താക്കളും രംഗത്തെത്തി.മാർഗംകളി പഠിപ്പിച്ച അധ്യാപകൻ തന്നെ ജഡ്ജായി എത്തി തന്റെ ശിഷ്യർക്ക് ഒന്നാം സമ്മാനം നൽകിയെന്നാണ് ആരോപണം. എച്ച്എസ്എസ് വിഭാഗം മാർഗംകളിയിൽ കാർമൽ സ്കൂളിനായിരുന്നു ഒന്നാം സ്ഥാനം. വിധി നിർണയം അട്ടിമറിച്ചെന്ന് ആരോപിച്ച് വെള്ളനാട് ഗവ. എച്ച്എസ്എസിലെ മത്സരാർത്ഥികളാണ് രംഗത്തെത്തിയത്. വിധികർത്താവായ അധ്യാപകൻ കാർമ്മൽ സ്കൂളിലെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന്റെ വീഡിയോകളും ചിത്രങ്ങളും ഉയർത്തിക്കാട്ടിയായിരുന്നു പ്രതിഷേധം. ഫലപ്രഖ്യാപനത്തിൽ ആദ്യം അനൗൺസ് ചെയ്തത് അഞ്ച് എ ഗ്രേഡും രണ്ട് ബി ഗ്രേഡുമെന്നാണ്. എന്നാൽ തങ്ങൾക്ക് ലഭിച്ചത് സി ഗ്രേഡാണെന്നും ഇതിന് പിന്നിൽ അഴിമതിയുണ്ടെന്നും വിദ്യാർത്ഥികൾ ആരോപിച്ചു. സി ഗ്രേഡായതിനാൽ അപ്പീലും തള്ളിപ്പോകുമെന്നതിനാൽ റിസൽട്ട് റദ്ദാക്കണമെന്ന് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു. ചവിട്ടുനാടകത്തിലും ഇതേ അധ്യാപകനായിരുന്നു വിധികർത്താവ്.സംഘാടകർ അറിയിച്ചതനുസരിച്ച് മ്യൂസിയം പൊലീസും സ്ഥലത്തെത്തി. എന്നാൽ കുട്ടികൾ പിൻമാറാൻ തയ്യാറായില്ല. ബഹളം കടുത്തതോടെ സംഘാടക സമിതിയിലെ അധ്യാപകരെത്തി വിദ്യാർഥികളെ സ്കൂളിനുള്ളിലേക്ക് കൊണ്ടുപോയി. ഇന്ന് അവസാനിക്കുന്ന ജില്ലാ സ്കൂൾ കലോൽസവത്തിൽ തിരുവനന്തപുരം സൗത്ത് ഉപജില്ലയാണ് മുന്നിൽ

# സ്കൂൾ വിദ്യാർഥിനിയെ പീഡിപ്പിച്ചു; ബിജെപി അധ്യാപക സംഘടനാ നേതാവ് അറസ്റ്റിൽ



**പെരുമ്പാവൂർ/കോലഞ്ചേരി :** സ്കൂൾവിദ്യാർഥിനിയെ ലൈംഗികമായി പീഡിപ്പിച്ച കേസിൽകസ്റ്റഡിയിലെടുത്ത ബിജെപി അധ്യാപക സംഘടന സംസ്ഥാന സെക്രട്ടറിയുടെ അറസ്റ്റ് രേഖപ്പെടുത്തി. എൻടിയു (നാഷണൽ ടീച്ചേഴ്സ് യൂണിയൻ) സംസ്ഥാന സെക്രട്ടറിയും ബിജെപി - ആർഎസ്എസ് പ്രവർത്തകനുമായ വളയൻചിറങ്ങര ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകൻ വളയൻചിറങ്ങര മുണ്ടയ്ക്കൽ വീട്ടിൽ എം ശങ്കറിനെയാണ് (37) കുന്നത്തുനാട് പൊലീസ് പോക്സോ കേസിൽ അറസ്റ്റ് ചെയ്തത്.കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു. സ്ക്കൂളിലെ മറ്റ് നാലോളം വിദ്യാർഥികളെ ഇയാൾ പീഡിപ്പിച്ചതായി ആക്ഷേപമുണ്ട്. എന്നാൽ, ഇവർ പരാതി നൽകിയിട്ടില്ല. പരാതി നൽകാതിരിക്കാൻ ബിജെപി-ആർഎസ്എസ് പ്രാദേശിക നേതാക്കൾ സമ്മർദ്ദം ചെലുത്തുന്നതായി ആക്ഷേപമുണ്ട്. ഇതിനെക്കുറിച്ചും പൊലീസ് അന്വേഷണം ആരംഭിച്ചു.അധ്യാപകനെ സ്ക്കൂളിൽ നിന്ന് അധികൃതർ സസ്പെൻഡ് ചെയ്തു. പീഡിപ്പിക്കപ്പെട്ട വിദ്യാർഥിനി കൂട്ടുകാരികളോടൊപ്പം പ്രധാനാധ്യാപകനോടാണ് പീഡന കാര്യം തുറന്നു പറഞ്ഞത്. തുടർന്ന് മാതാപിതാക്കൾ സ്ക്കൂളിലെത്തി. പ്രധാനാധ്യാപകൻ കുന്നത്തുനാട് പൊലീസിന് വ്യാഴാഴ്ച പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ശങ്കറിനെതിരെ കേസെടുക്കുകയായിരുന്നു. ഒളിവിൽ പോയ ഇയാളെ വെള്ളി വൈകിട്ടാണ് പിടികൂടിയത്.



## ലക്ഷം തീർഥാടകർക്ക് അന്നമൂട്ടി ദേവസ്വം ബോർഡ്

**ശബരിമല** :മണ്ഡല -മകരവിളക്ക് തീർഥാടനത്തിനെത്തിയ ലക്ഷങ്ങൾക്ക് ആശ്വാസമായി ദേവസ്വം ബോർഡിന്റെ സന്നിധാനത്തെ സൗജന്യ ഭക്ഷണവിതരണം. ഇതിനോടകം ഒന്നരലക്ഷം തീർഥാടകർദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപത്തിൽ ഭക്ഷണം കഴിക്കാനെത്തി. മൂന്നുനേരവും സൗജന്യമായാണ് ഭക്ഷണം നൽകുന്നത്.ഒരേസമയം 5000 പേർക്ക് ഭക്ഷണം കഴിക്കാനാകും. പുലർച്ചെ ഏഴിന് ഭക്ഷണവിതരണം ആരംഭിക്കും. ഏഴുമുതൽ 11വരെ ഉപ്പുമാവും കടലയും ചുക്കുകാപ്പിയും 12.30 മുതൽ പകൽ മൂന്നരവരെ പുലാവും സാലഡും അച്ചാറും ഉൾപ്പെടുന്ന ഉച്ചഭക്ഷണം, വൈകിട്ട് ഏഴുമുതൽ കഞ്ഞിയും ലഭിക്കും. ഒരു സ്പെഷ്യൽ ഓഫീസർ ഉൾപ്പെടെ ഇരുനൂറോളം പേരാണ് ഇവിടെ സേവനത്തിനുള്ളത്.രണ്ടുദിവസം കൂടുമ്പോൾ ട്രാക്ടർ സംവിധാനം ഉപയോഗിച്ച് ഉൽപന്നങ്ങൾ എത്തിക്കും. ഇ -ടെണ്ടർ നടപടികളിലൂടെയാണ് ഉൽപന്നങ്ങൾ വാങ്ങുന്നത്. തീർഥാടകർക്ക് തടസമില്ലാതെ ഭക്ഷണം നൽകാനുള്ള എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ടെന്ന് അസി. എക്സിക്യൂട്ടീവ് ഓഫീസർ എം രവികുമാർ പറഞ്ഞു.

## വൈദ്യുതി മുടങ്ങും

പാനൂർ ഇലക്ട്രിക്കൽ സെക്ഷനിലെ കേളോത്ത് പാലം, എ ടി ടി മാൾ, പാനൂർ പോസ്റ്റ് ഓഫീസ്, പി ആർ ടവർ, പൈക്കാട്ട്, പഴയ കെ എസ് ഇ ബി ഓഫീസ് എന്നിവിടങ്ങളിൽ നവംബർ 27ന് രാവിലെ ഏഴ് മണി മുതൽ വൈകീട്ട് മൂന്ന് മണി വരെയും പൂക്കോം 19, ബേസിൽ പീടിക, സൗത്ത് പാനൂർ, ശശീന്ദ്ര കോംപ്ലക്സ്, നജാത്ത്, ബസ് സ്റ്റാന്റ്, ലുല്ലബി എന്നിവിടങ്ങലിൽ രാവിലെ ഒമ്പത് മണി മുതൽ വൈകീട്ട് അഞ്ച് വരെയും വൈദ്യുതി മുടങ്ങും.





# ഡോക്ടറെ മർദ്ദിച്ച സംഭവത്തിൽ വഴിത്തിരിവ്, തെറ്റ് മറയ്ക്കാൻ കെട്ടിച്ചമച്ച കേസെന്ന് പ്രതിയുടെ ബന്ധുക്കൾ

**തിരുവനന്തപുരം:** മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ രോഗി മരിച്ച വിവരം അറിയിച്ച വനിതാ ഡോക്ടറെ ചവിട്ടി വീഴ്ത്തിയ സംഭവത്തിൽ വഴിത്തിരിവ്. കുറ്റാരോപിതനായ സെന്തിൽ കുമാർ ഡോക്ടറെ ശാരീരികമായി ആക്രമിച്ചുവെന്ന് പറയുന്നത് കളവാണെന്ന് സെന്തിലിന്റെ ബന്ധുക്കൾ ആരോപിച്ചു. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് ഇക്കാര്യം ഉറപ്പുവരുത്തണമെന്നാണ് ഇവരുടെ ആവശ്യം. ഡോക്ടർക്ക് പറ്റിയ തെറ്റ് മറയ്ക്കാൻ കേസ് കെട്ടിച്ചമച്ചതാണെന്ന് സെന്തിൽ കുമാറിന്റെ സഹോദരി ആരോപിച്ചു.മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരു ഡോക്ടർ ആക്രമിച്ചപ്പെട്ടാൽ അത് ചോദിക്കാൻ സെക്യൂരിറ്റിയെങ്കിലും ആ സമയം വരില്ലേ? ഒരാൾ പോലും അത്തരത്തിൽ വന്നിട്ടില്ല. ബോഡി വിട്ടുകിട്ടി ദഹിപ്പിക്കുന്നത് വരെ ആരും ചോദിച്ചിട്ട് വന്നിട്ടില്ല. മൃതദേഹം അടക്കം ചെയ്യാനാണ് ആദ്യം തീരുമാനിച്ചത്. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർ വന്ന് തടസം പറയുകയായിരുന്നു. തുടർന്നാണ് ദഹിപ്പിച്ചത്. അങ്ങനെ നിർബന്ധം പറഞ്ഞതുകൊണ്ടാണ് സമ്മതിച്ചത്. സംഭവത്തിൽ നീതികിട്ടാൻ ഏതറ്റംവരെയും പോകുമെന്നും അവർ വ്യക്തമാക്കി.തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിൽ ബുധനാഴ്ച പുലർച്ചെയാണ് ന്യൂറോ സർജറി വിഭാഗം സീനിയർ റസിഡന്റ് മേരി ഫ്രാൻസിസ് കല്ലേരി ആക്രമിക്കപ്പെട്ടത്.ചികിത്സയിലിരിക്കെ മരണപ്പെട്ട കൊല്ലം വെളിച്ചക്കാല ടി.ബി ജംഗ്ഷൻ പുതുമനയിൽ ശുഭയുടെ ഭർത്താവ് സെന്തിൽകുമാറാണ്(53) ഡോക്ടറെ ആക്രമിച്ചെന്നാണ് പരാതി.അപ്രതീക്ഷിത ആക്രമണത്തിൽ അടിവയറ്റിൽ ക്ഷതമേറ്റ ഡോക്ടർ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ തുടരുകയാണ്.ഭാര്യയുടെ സംസ്കാരത്തിന് ശേഷം രക്തസമ്മർദ്ദം താഴുകയും മറ്റ് ശാരീരിക അസ്വസ്ഥതകളെ തുടർന്ന് സെന്തിൽകുമാർ കുഴഞ്ഞു വീണു. തുടർന്ന് നെടുങ്ങോലത്തെ ആശുപത്രിയിൽ ചികിത്സയിലാണ് . പ്രതിയുടെ ആരോഗ്യം മെച്ചപ്പെടുന്നതോടെ കസ്റ്റഡിയിലെടുത്ത് തുടർ നടപടി സ്വീകരിക്കുമെന്ന് മെഡിക്കൽ കോളേജ് പൊലീസ് അറിയിച്ചു. പ്രതിയെ എത്രയും വേഗം കസ്റ്റഡിയിലെടുക്കണമെന്നാവശ്യപ്പെട്ട് പി.ജി ഡോക്ടർമാർ ഇന്നലെ 12മണിക്കൂർ സമരം നടത്തി.രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെയായിരുന്നു സമരം. ഒ.പി, വാർഡുകൾ എന്നിവിടങ്ങളിൽ നിന്ന് ഡോക്ടർമാർ വിട്ടുനിന്നു. സമരം ചെയ്യുന്ന പി.ജി. ഡോക്ടർമാർക്ക് പിന്തുണയുമായി ഐ.എം.എയും രംഗത്തെത്തി.നിയമനടപടികൾ സ്വീകരിച്ചില്ലെങ്കിൽ കേരളത്തിലുട നീളം സമരപരിപാടികളിലേയ്ക്ക് നീങ്ങുമെന്ന് ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. സുൽഫി നൂഹുവും സംസ്ഥാന സെക്രട്ടറി ഡോ. ജോസഫ് ബെനവനും അറിയിച്ചു. പ്രതിയെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കെ.ജി.എം.സി.ടി.എയും കഴിഞ്ഞ ദിവസം സമരം നടത്തിയിരുന്നു. സംഭവത്തിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രിയും ഉറപ്പ് നൽകി.



## ഛത്തീസ്ഗഢിൽ മാവോയിസ്റ്റുകളെ വധിച്ചു

**റായ്പൂർ** :ഛത്തീസ്ഗഢിലെ ബിജാപൂരിൽ മൂന്ന് മാവോയിസ്റ്റുകളെ ഏറ്റുമുട്ടലിൽ വധിച്ചു. ആയുധശേഖരവും ഇവരിൽനിന്ന് കണ്ടെത്തി. ഇന്ന് രാവിലെ ഏഴരയോടെ മിർതൂരിലെ പൊമ്റ വനമേഖലയിലാണ് ഏറ്റുമുട്ടലുണ്ടായത്. സിആർപിഎഫും സംസ്ഥാന പൊലീസിലെ പ്രത്യേക ദൗത്യസംഘവുമാണ് മാവോയിസ്റ്റുകളെ നേരിട്ടത്.മാവോയിസ്റ്റ് ഡിവിഷനൽ കമാൻഡർമാർ മുപ്പതിലേറെ മാവോയിസ്റ്റുകളുമായി സമ്മേളിക്കുന്നുവെന്നായിരുന്നു രഹസ്യവിവരം. ഈ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ദൗത്യസേനയുടെ പരിശോധന.

## ഫാഷൻ ഡിസൈനിങ് പരീക്ഷ മാറ്റി

സാങ്കേതിക പരീക്ഷാ കൺട്രോളർ 28ന് നടത്താനിരുന്ന കെ.ജി.ടി.ഇ ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ് ടെക്നോളജി തിയറി പരീക്ഷ (ടെക്സ്റ്റൈൽ സയൻസ്) 30 ലേക്ക് മാറ്റി. 29 ലെ പരീക്ഷ മുൻ നിശ്ചയപ്രകാരം നടക്കും.

## പാക് ഡ്രോൺ വെടിവച്ച് വീഴ്ത്തി ബിഎസ്എഫ്

**ന്യൂഡൽഹി :** അതിർത്തി കടന്നെത്തിയ പാക് ഡ്രോൺ വെടിവച്ച് വീഴ്ത്തി ബിഎസ്എഫ്. പഞ്ചാബിലെ അമൃതസറിലെ ഇന്ത്യ- പാകിസ്താൻ അന്താരാഷ്ട്ര അതിർത്തിയ്ക്ക് സമീപമായിരുന്നു സംഭവം. ഡ്രോൺ എത്തിയ സാഹചര്യത്തിൽ സമീപ മേഖലകളിൽ ബിഎസ്എഫ് പരിശോധന ആരംഭിച്ചുകഴിഞ്ഞദിവസം രാത്രി 7.45 ഓടെയാണ് ഡ്രോൺ എത്തിയത്. പട്രോളിംഗിനിടെ ശബ്ദം കേട്ടതിനെ തുടർന്ന് നടത്തിയ നിരീക്ഷണത്തിലാണ് ഡ്രോൺ കണ്ടത്. ഉടനെ വെടിവെച്ചിടുകയായിരുന്നു. പാകിസ്താൻ ഭാഗത്ത് നിന്നാണ് ഡ്രോൺ എത്തിയത് എന്ന് ബിഎസ് എഫ് പറഞ്ഞു.

## തിരുവനന്തപുരത്ത് പൊലീസ് വാനും കാറും കൂട്ടിയിടിച്ചു

തിരുവനന്തപുരത്ത് പൊലീസ് വാനും കാറും കൂട്ടിയിടിച്ച് അപകടം. കിളിമാനൂർ പാപ്പാലയിലാണ് സംഭവം. കാറിലുണ്ടായിരുന്ന രണ്ടു പേരുടെ നില ഗുരുതരം.തട്ടത്തുമല ഭാഗത്തേക്ക് പോവുകയായിരുന്ന കാറും കിളിമാനൂർ ഭാഗത്തേക്ക് വരികയായിരുന്ന വാനും തമ്മിലാണ് കൂട്ടിയിടിച്ചത്. പരിക്കേറ്റവരെ വെഞ്ഞാറമൂട് ഗോകുലം മെഡിക്കൽ കോളജിലേക്ക് മാറ്റി.









# പുതിയ ടേം അഷ്വറൻസ് പ്ലാൻ അവതരിപ്പിച്ച് എൽഐസി

**ദില്ലി:** രണ്ട് പുതിയ ടേം അഷ്വറൻസ് പ്ലാനുകൾ അവതരിപ്പിച്ച് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ. ന്യൂ ജീവൻ അമർ, ടെക് ടേം എന്നിവയാണ് പുതിയ പ്ലാനുകൾ.ജീവൻ അമർ, ടെക് ടേം എന്നിവ നോൺ-ലിങ്ക്ഡ്, നോൺ-പാർട്ടിസിപ്പേറ്റിംഗ് പ്ലാനുകളാണ്, അതായത് പോളിസി ഹോൾഡർമാർ നിശ്ചിത പ്രീമിയങ്ങൾ അടച്ച് ഉറപ്പുള്ള വരുമാനം നേടാൻ പറ്റുന്നവ. നോൺ-ലിങ്ക്ഡ് പ്ലാനുകൾ ഓഹരി വിപണിയുമായി ബന്ധമില്ലാത്ത റിസ്ക് കുറഞ്ഞ ഉൽപ്പന്നങ്ങളാണ്.ഒരു ഉപഭോക്താവിന് ഒറ്റ പ്രീമിയം പേയ്മെന്റോ സാധാരണ പ്രീമിയം പേയ്മെന്റോ തിരഞ്ഞെടുക്കാം. പരിമിതമായ പ്രീമിയം പേയ്മെന്റ് ഓപ്ഷനും എൽഐസി വാഗ്ദാനം ചെയ്യുന്നു. പുതിയ ജീവൻ അമർ പ്ലാനിന് കീഴിൽ സ്ത്രീകൾക്ക് പ്രത്യേക നിരക്കുകൾ ലഭിക്കും. സിംഗിൾ പ്രീമിയം പ്ലാൻ പ്രകാരം, ഏറ്റവും കുറഞ്ഞ പ്രീമിയം 30,000 രൂപയാണ്. സാധാരണ പ്രീമിയം പേയ്മെന്റ് ഓപ്ഷൻ 3,000 രൂപയാണ്.18 മുതൽ 65 വയസ്സുവരെയുള്ള പൗരന്മാർക്ക് പുതിയ ജീവൻ അമർ പോളിസി വാങ്ങാം. പോളിസി കാലാവധി 10 മുതൽ 40 വർഷം വരെയാണ്.അതേസമയം, എൽ ഐ സിയുടെ ലാഭം കുതിച്ചുയർന്നു. പ്രീമിയം വരുമാനം 27 ശതമാനം ഉയർന്നു. അക്കൗണ്ടിങ് നയത്തിൽ വരുത്തിയ കാര്യമായ മാറ്റത്തെ തുടർന്ന് നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനവും വൻ കുതിപ്പുണ്ടാക്കി. ഇതോടെ രണ്ടാം പാദവാർഷികം അവസാനിച്ചപ്പോൾ 15952 കോടി രൂപയാണ് എൽ ഐ സിയുടെ ലാഭം.കഴിഞ്ഞ സാമ്ബത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ 1434 കോടി രൂപയായിരുന്നു എൽ ഐ സിയുടെ ലാഭം. നിക്ഷേപങ്ങളിൽ നിന്നുള്ള ലാഭമാണ് വരുമാനത്തിന്റെ 40 ശതമാനവും. ഇത് 6798.61 കോടി രൂപയാണ്. എന്നാൽ ഇത് മുൻ വർഷത്തേക്കാൾ കുറവാണ്. കഴിഞ്ഞ വർഷം 6961.14 കോടി രൂപയായിരുന്നു നിക്ഷേപങ്ങളിൽ നിന്നുള്ള എൽ ഐ സിയുടെ വരുമാനം. മെയ് മാസത്തിൽ ഓഹരി വിപണിയിലേക്ക് ആദ്യ ചുവടുവെച്ച എൽ ഐ സി ആദ്യ പാദ ഫലം പുറത്തുവന്ന ജൂൺ മാസത്തിൽ 682.9 കോടി രൂപയാണ് ലാഭം നേടിയിരുന്നത്. 20530 കോടി ഐ പി ഒയ്ക്ക് ശേഷമായിരുന്നു ഇത്.




# യുനിപാർട്സ് ഇന്ത്യ ലിമിറ്റഡ് ഐപിഒ നവംബർ 30 മുതൽ

യുനിപാർട്സ് ഇന്ത്യ ലിമിറ്റഡിന്റെ (Uniparts India LTD) പ്രാഥമിക ഓഹരി വിൽപന (ഐപിഒ) നവംബർ 30 മുതൽ ഡിസംബർ രണ്ടുവരെ നടക്കും.835.61 കോടി രൂപയാണ് ഐപിഒയിലൂടെ സമാഹരിക്കുന്നത്. പൂർണമായും ഓഫർ ഫോർ സെയിലിലൂടെയാണ് ഐപിഒ.പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 14,481,942 ഇക്വിറ്റി ഓഹരികളാണ് ഓഫർ ഫോർ സെയിലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 548 രൂപ മുതൽ 577 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 25 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് അതിന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.50 ശതമാനം ഓഹരികൾ അർഹരായ ഇൻസ്റ്റിറ്റിയൂഷണൽ നിക്ഷേപകർക്കും 15 ശതമാനം നോൺ ഇൻസ്റ്റിറ്റിയൂഷണൽ നിക്ഷേപകർക്കും 35 ശതമാനം റീട്ടെയ്ൽ നിക്ഷേപകർക്കും ലഭ്യമാകും. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആക്സിസ് ക്യാപിറ്റൽ, ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ്, ജെഎം ഫിനാൻഷ്യൽ എന്നിവരാണ് ഓഫറിന്റെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# റോയൽ എൻഫീൽഡ് പുതിയ ബൈക്ക് പുറത്തിറക്കി, ഹിമാലയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട നിറങ്ങൾ



**ന്യൂഡൽഹി:** റോയൽ എൻഫീൽഡ് തങ്ങളുടെ ജനപ്രിയ ബൈക്കായ ഹിമാലയന്റെ നവീകരിച്ച പതിപ്പ് പുറത്തിറക്കി. ഈ പുതുക്കിയ ശ്രേണിയിൽ 3 പുതിയ വർണ്ണ ഓപ്ഷനുകൾക്കൊപ്പം നിരവധി അപ്ഡേറ്റുകൾ അവതരിപ്പിച്ചു.അഡ്വഞ്ചർ-ടൂറിംഗ് മോട്ടോർസൈക്കിൾ ഇപ്പോൾ ഗ്രാവൽ ഗ്രേ, പൈൻ ഗ്രീൻ, ഗ്രാനൈറ്റ് ബ്ലാക്ക് എന്നിവയ്ക്ക് പുറമേ ഗ്ലേസിയർ ബ്ലൂ, സ്ലീറ്റ് ബ്ലാക്ക്, ഡ്യൂൺ ബ്രൗൺ എന്നിവയുടെ കളർ ഓപ്ഷനുകളിലും വിൽക്കും.ഇതിനുപുറമെ റൈഡർ മാനിയ 2022-ൽ പ്രദർശിപ്പിച്ച ഹിമാലയൻ ഗ്രില്ലിലും സൈഡ് പാനലുകളിലും യുഎസ്ബി ചാർജിംഗ് പോർട്ടിലും എംബോസ് ചെയ്ത ലോഗോകളും ഉണ്ടായിരിക്കും.നവംബർ 24 മുതൽ പുതിയ ഹിമാലയൻ ബൈക്ക്, ഇന്ത്യയിലെ എല്ലാ റോയൽ എൻഫീൽഡ് സ്റ്റോറുകളിലും ബുക്കിങ്ങിനും ടെസ്റ്റ് റൈഡുകൾക്കും ലഭ്യമാകും.2,15,900 എക്സ് ഷോറൂം മുതലാണ് ഈ ബൈക്കിന്റെ വില. 2016ലാണ് ഈ ബൈക്ക് ആദ്യമായി പുറത്തിറക്കിയത്. സാഹസിക മോട്ടോർസൈക്കിളുകൾക്കായി തിരയുന്ന ബൈക്കർമാർക്കും റൈഡർമാർക്കും ഇടയിൽ ഹിമാലയൻ വളരെ ശക്തമായ സാന്നിധ്യമാണ്.റോയൽ എൻഫീൽഡ് പറയുന്നതനുസരിച്ച് ഹിമാലയത്തിന്റെ മൂന്ന് പുതിയ നിറങ്ങൾ ഹിമാലയൻ ഭൂപ്രദേശത്തിന്റെ വിശാലതയിലും മഹത്വത്തിലും പ്രചോദനം ഉൾക്കൊണ്ടതാണ്.ഗ്ലേസിയർ ബ്ലൂ ഗ്ലേഷ്യൽ തടാകങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ്, അതേസമയം ഡ്യൂൺ ബ്രൗൺ ലഡാക്കിലെ നുബ്ര താഴ്വരയിൽ സ്ഥിതി ചെയ്യുന്ന ഹിമാലയൻ മരുഭൂമിയായ ഹണ്ടറിനെ പ്രതിനിധീകരിക്കുന്നു.പർവതങ്ങളിൽ സവാരി ചെയ്ത് ഏറ്റവും ദുർഘടമായ ഭൂപ്രദേശങ്ങൾ താണ്ടിയുള്ള അനുഭവമാണ് റോയൽ എൻഫീൽഡ് ഹിമാലയൻ വികസിപ്പിച്ചതെന്ന് പുതിയ കളർവേയുടെ ലോഞ്ചിംഗ് വേളയിൽ റോയൽ എൻഫീൽഡ് സിഇഒ ബി ഗോവിന്ദരാജൻ പറഞ്ഞു. ലോകമെമ്ബാടുമുള്ള റൈഡർമാർക്കായി ലളിതവും വൈവിധ്യമാർന്നതും എവിടേക്കും പോകാവുന്നതുമായ മോട്ടോർസൈക്കിളിന്റെ രൂപത്തിൽ സാഹസിക പര്യടനത്തിന്റെ ഒരു പുതിയ വിഭാഗം സൃഷ്ടിച്ചതായി ഹിമാലയൻ അവകാശപ്പെടുന്നു.



# ഫുട്ബോൾ ആരാധകർക്ക് മികച്ച അന്താരാഷ്ട്ര റോമിങ് പാക്കേജുമായി വി

ലോകകപ്പ് ആരംഭിച്ചതോടെ ഖത്തറിലേക്കു യാത്ര ചെയ്യുന്ന ഫുട്ബോൾ ആരാധകർക്കായി വി അന്താരാഷ്ട്ര റോമിങ് പാക്കുകൾ അവതരിപ്പിച്ചു.7 മുതൽ 28 ദിവസം വരെ കാലാവധിയുള്ള അന്താരാഷ്ട്ര റോമിങ് പായ്ക്കുകളാണ് അവതരിപ്പിച്ചത്.2999 രൂപയ്ക്ക് ഇന്ത്യയിലേക്കും ലോക്കലുമായി 200 മിനിറ്റ് ഔട്ട്ഗോയിങ്ങും 2ജിബി ഡാറ്റയും സൗജന്യ ഇൻകമിങ്ങും 25 എസ്എംഎസും നൽകുന്ന 7 ദിവസത്തെ പായ്ക്ക് മുതൽ 5999 രൂപയ്ക്ക് 5ജിബി ഡാറ്റയും 500 മിനിറ്റ് ഇന്ത്യയിലേക്കും ലോക്കലും ആയുള്ള ഔട്ട്ഗോയിങ്ങും 100 എസ്എംഎസും സൗജന്യ ഇൻകമിങ്ങുമായി 28 ദിവസത്തെ പായ്ക്കുവരെയാണ് അവതരിപ്പിക്കുന്നത്.3999 രൂപയ്ക്ക് 3ജിബി ഡാറ്റയും 300 മിനിറ്റ് ഇന്ത്യയിലേക്കും ലോക്കൽ ഔട്ട്ഗോയിങ്ങും 50 എസ്എംഎസും 10 ദിവസത്തെ കാലാവധിയും 4499 രൂപയ്ക്ക് 5ജിബി ഡാറ്റയും 500 മിനിറ്റ് ഇന്ത്യയിലേക്കും ലോക്കൽ ഔട്ട്ഗോയിങ്ങും 100 എസ്എംഎസും 14 ദിവസത്തെ കാലാവധിയും ലഭിക്കും. ഈ പായ്ക്കുകളിലെല്ലാം ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് മിനിറ്റിന് 35 രൂപ നിരക്കിൽ വിളിക്കാം.




# കോൾ ഇന്ത്യയുടേത് അടക്കം 3 സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാൻ കേന്ദ്രം

രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ അടക്കം മൂന്ന് കമ്ബനികളിലെ ഓഹരികൾ വിൽക്കാൻ ഒരുങ്ങി കേന്ദ്ര സർക്കാർ.ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള കോൾ ഇന്ത്യ (ഇകഘ), ഹിന്ദുസ്ഥാൻ സിങ്ക് (ഒദഘ), രാഷ്ട്രീയ കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് (ഞഇഎ) എന്നിവയുടെ 5-10 ശതമാനം ഓഹരികൾ ആണ് വിൽക്കുന്നത്. സാമ്ബത്തിക വർഷത്തിന്റെ അവസാന പാദത്തിൽ സർക്കാരിന്റെ പണലഭ്യത ഉറപ്പാക്കാനാണ് നീക്കം. ലോകത്തെ ഏറ്റവും വലിയ കൽക്കരി ഖനന കമ്ബനികളിൽ ഒന്നായ കോൾ ഇന്ത്യയിൽ 66.13 ശതമാനം ഓഹരികളാണ് സർക്കാരിനുള്ളത്. ആർസിഎഫിൽ കേന്ദ്രത്തിനുള്ളത് 75 ശതമാനം ഓഹരികളാണ്. വേദാന്ത ഗ്രൂപ്പ് ഭൂരിപക്ഷം ഓഹരികളും സ്വന്തമാക്കിയ ഹിന്ദുസ്ഥാൻ സിങ്കിൽ 29.58 ശതമാനം ഓഹരികളും ഉണ്ട് . ഹിന്ദുസ്ഥാൻ സിങ്കിലെ മുഴുവൻ ഓഹരികളും വിൽക്കാൻ കേന്ദ്ര മന്ത്രിസഭ കഴിഞ്ഞ മെയ് മാസം അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനങ്ങളൊന്നും കേന്ദ്രം ഇതുവരെ നടത്തിയിട്ടില്ല. ഈ കമ്ബനികളുടെ ഓഹരി വിൽപ്പനയിലൂടെ കേന്ദ്രത്തിന് ഏകദേശം 16,500 കോടി രൂപ (2 ബില്യൺ ഡോളർ) സമാഹരിക്കാൻ സാധിക്കുമെന്നാണ് ബ്ലൂംബെർഗിന്റെ വിലയിരുത്തൽ. അപ്രധാന മേഖലകളിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പനയിലൂടെ നടപ്പ് സാമ്ബത്തിക വർഷം 65,000 കോടി രൂപ സമാഹരിക്കാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. അതിൽ 24,000 കോടി രൂപയാണ് കേന്ദ്രം ഇതുവരെ സമാഹരിച്ചത്.





# രോഹിത് ഷെട്ടിയുടെ സർക്കസ് റിലീസ് തീയതി പുറത്തുവിട്ടു

ചലച്ചിത്ര സംവിധയകാൻ രോഹിത് ഷെട്ടിയുടെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സിനിമ സർക്കസ് ഈ വർഷം ക്രിസ്മസിന് റിലീസിന് തയ്യാറെടുക്കുകയാണ്.രൺവീർ സിംഗ്, പൂജ ഹെഗ്ഡെ, ജാകലിൻ ഫെർണാണ്ടസ്, വരുൺ ശർമ്മ എന്നിവരും ബോളിവുഡിൽ നിന്നുള്ള നിരവധി ജനപ്രിയ മുഖങ്ങളും അഭിനയിക്കുന്ന ബിഗ് ബജറ്റ് ചിത്രം 2022 ഡിസംബർ 23 ന് ലോകമെമ്ബാടുമുള്ള തീയറ്ററുകളിൽ എത്തും. ട്രെയിലർ ലോഞ്ചിന് മുന്നോടിയായി, നിർമ്മാതാക്കൾ പുതിയ പോസ്റ്റർ റിലീസ് ചെയ്തു.രോഹിത് ഷെട്ടി നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ചെയ്യുന്ന സർക്കസ് അവതരിപ്പിക്കുന്നത് ഗുൽഷൻ കുമാർ, ഭൂഷൺ കുമാർ, ടി-സീരീസ് എന്നിവർ ചേർന്നാണ്. രൺവീർ സിംഗ് ഇരട്ടവേഷത്തിലാണ് അഭിനയിക്കുന്നത്. സിദ്ധാർത്ഥ ജാദവ്, ജോണി ലിവർ, സഞ്ജയ് മിശ്ര, മുരളി ശർമ്മ, സുൽഭ ആര്യ, വ്രജേഷ് ഹിർജി എന്നിവരും ചിത്രത്തിലുണ്ട്. ദീപിക പദുക്കോൺ, അജയ് ദേവ്ഗൺ എന്നിവരും പ്രത്യേക വേഷങ്ങളിൽ എത്തുന്നുണ്ട്.1982-ൽ പുറത്തിറങ്ങിയ ഹിന്ദി ചിത്രമായ അംഗൂർ എന്ന സിനിമയെ അടിസ്ഥാനമാക്കിയാണ് സർക്കസ് നിർമ്മിച്ചിരിക്കുന്നത്, അത് തന്നെ 1968-ൽ പുറത്തിറങ്ങിയ ഹിന്ദി ചിത്രമായ ദോ ദൂനി ചാറിന്റെ റീമേക്കാണ്. രണ്ടാമത്തേത് 1963-ൽ പുറത്തിറങ്ങിയ ഭ്രാന്തി ബിലാസ് എന്ന ബംഗാളി ചലച്ചിത്രത്തിന്റെ അനുകരണമായിരുന്നു. 2022 ഡിസംബർ 23-ന് സർക്കസ് റിലീസ് ചെയ്യാനാണ് പദ്ധതിയിട്ടിരിക്കുന്നത്.



# ലോക കേക്ക് മത്സരത്തിൽ വിസ്മയമായി ഷാറൂഖ്-ദീപിക കേക്ക്

ഷാരൂഖ് ഖാനും ദീപിക പദുകോണും ഒന്നിച്ച 'ഓം ശാന്തി ഓം' തീയേറ്ററുകളിലെത്തിയിട്ട് 15 വർഷത്തോളമായി.എന്നിരുന്നാലും, ഇത്രയും വർഷങ്ങൾക്ക് ശേഷവും, ചിത്രത്തിലെ കഥാപാത്രങ്ങളോടുള്ള സ്നേഹം അവസാനിച്ചിട്ടില്ല എന്നതിൻറെ തെളിവായി ഒരു കേക്ക് പ്രദർശിപ്പിച്ചിട്ടുണ്ട്. അതും ബർമിങ്ഹാമിൽ.ഓം ശാന്തി ഓമിൽ നിന്നുള്ള ഇരുവരുടെയും പ്രശസ്തമായ പോസ് ആണ് കേക്കിൻറെ രൂപത്തിൽ മത്സരത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. കേക്കിൻറെ വീഡിയോ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലായിരിക്കുകയാണ്. ബോളിവുഡ് താരം കത്രീന കൈഫിൻറെ രൂപത്തിലുള്ള ഒരു കേക്കും ഇതേ വീഡിയോയിൽ കാണാം. ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ ലോകത്തിലെ ഏറ്റവും വലിയ കേക്ക് മത്സരത്തിലാണിത്. പ്രമുഖ ബേക്കറായ ടീന സ്കോട്ട് പരാഷറാണ് കേക്ക് നിർമ്മിച്ചിരിക്കുന്നത്. ഷാരൂഖ് ഖാൻറെ ടിറ്റർ ഫാൻ പേജ് അനുസരിച്ച് ടീന ഈ കേക്ക് ഉണ്ടാക്കാൻ ഏകദേശം ഒരു മാസമെടുത്തു.




# ഹിറ്റ് 2ൻറെ സെൻസറിങ് പൂർത്തിയായി

ഹിറ്റ് ബോക്സ് ഓഫീസിൽ മികച്ച വിജയം നേടിയിരുന്നു. ഇപ്പോഴിതാ, ഹിറ്റ് എന്ന ചിത്രത്തിന്റെ തുടർച്ചയുമായി അണിയറപ്രവർത്തകർ ഒരുങ്ങുകയാണ്.ഹിറ്റ് 2 എന്ന ചിത്രത്തിൽ അദിവി ശേഷ് നായകനായി എത്തുന്ന ചിത്രം ഒരുക്കുന്നത് സൈലേഷ് കൊളാനു ആണ്. ചിത്രത്തിൻറെ സെൻസറിങ് പൂർത്തിയായി. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ചിത്രത്തിന് എ സർട്ടിഫിക്കറ്റ് ആണ് ലഭിച്ചിരിക്കുന്നത്. ഈ ചിത്രത്തിൽ പോലീസ് വേഷത്തിലാണ് അദിവി എത്തുന്നത്. ആക്ഷനും സസ്പെൻസും നിറഞ്ഞ ഒരു ത്രില്ലറാണ് ചിത്രം. അദിവി ശേഷിന്റെയും മീനാക്ഷി ചൗധരിയുടെയും ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പ്രോജക്റ്റ് 'ഹിറ്റ്: ദി സെക്കൻഡ് കേസ്' 2022 ഡിസംബർ 2-ന് വെള്ളിത്തിരയിൽ എത്തും. ഹിറ്റ്: ദി ഫസ്റ്റ് കേസിന്റെ വിജയത്തിന് ശേഷം, ചിത്രം പുറത്തിറങ്ങി ഒരു വർഷത്തിന് ശേഷം 2021 ഫെബ്രുവരിയിൽ നാനി ഒരു തുടർച്ച പ്രഖ്യാപിച്ചു.ഫ്രാഞ്ചൈസിയുടെ ആദ്യ ചിത്രം സംവിധാനം ചെയ്ത സൈലേഷ് കൊളാനു ആയിരിക്കും ഇത് സംവിധാനം ചെയ്യുന്നത്. വിശ്വക് സെന്നിന് പകരം അദിവി ശേഷ് ആണ് ഈ രണ്ടാം ഭാഗത്തിൽ എത്തുന്നത്. ഷെഡ്യൂളിംഗ് പൊരുത്തക്കേടുകൾ കാരണം തനിക്ക് തുടർഭാഗം നഷ്ടമായെന്നും താൻ ഹിറ്റ് 3 അല്ലെങ്കിൽ 4 ന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്നുവെന്നും സെൻ പറഞ്ഞു.



# ചിത്രം 'നാലാം മുറ' ഡിസംബർ 23 ന് തീയേറ്ററുകളിൽ

ബിജു മേനോനെയും മിന്നൽ മുരളിയിലൂടെ ശ്രദ്ധേയനായ ഗുരു സോമസുന്ദരത്തേയും പ്രധാന കഥാപാത്രങ്ങളാക്കി ദീപു അന്തിക്കാട് സംവിധാനം ചെയ്ത നാലാം മുറ ഡിസംബർ 23 ന് കേരളത്തിലെ തീയേറ്ററുകളിൽ റിലീസ് ചെയ്യുന്നു.ഫാമിലി ത്രില്ലർ ഴോണറിൽ ഒരുങ്ങുന്ന ചിത്രത്തിന്റെ ടീസറും ഗാനങ്ങളും സോഷ്യൽ മീഡിയയിൽ ട്രെൻഡായി കഴിഞ്ഞിട്ടുണ്ട്. ലക്കി സ്റ്റാർ എന്ന ചിത്രമൊരുക്കിയ സംവിധായകനാണ് ദീപു അന്തിക്കാട്.സൂരജ് വി ദേവ് ആണ് രചന. ദിവ്യ പിള്ള, ശാന്തി പ്രിയ, ഷീല എബ്രഹാം, സുരഭി സന്തോഷ്, ഷൈനി സാറ, അലൻസിയർ, പ്രശാന്ത് അലക്സാണ്ടർ എന്നിവരാണ് മറ്റുകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.ലോകനാഥൻ ഛായാഗ്രഹണവും കൈലാസ് മേനോൻ സംഗീത സംവിധാനവും നിർവഹിക്കുന്നു. പശ്ചാത്തല സംഗീതം ഗോപീ സുന്ദർ.,,,,,ഡഎക മോഷൻ പിക്ച്ചേഴ്സിന്റെ ബാനറിൽ കിഷോർ വാരിയത്ത് യു എസ് എ, ലക്ഷ്മികാന്ത് ക്രിയേഷൻസിന്റെ ബാനറിൽ സുധീഷ് പിള്ള, സെലിബ്രാൻഡ്സിന്റെ ബാനറിൽ ഷിബു അന്തിക്കാട് എന്നിവർ ചേർന്നാണ് ഈ ബിഗ് ബഡ്ജറ്റ് സിനിമ നിർമിക്കുന്നത്.എഡിറ്റിംഗ് ഷമീർ മുഹമ്മദ്, കലാസംവിധാനം അപ്പുണ്ണി സാജൻ, വസ്ത്രാലങ്കാരം നയന ശ്രീകാന്ത്, മേക്കപ്പ് റോണക്സ് സേവ്യർ, ഡിജിറ്റൽ മാർക്കറ്റിംഗ് എന്റർടെയ്ൻമെൻറ് കോർണർ, പ്രൊഡക്ഷൻ കൺട്രോളർ ജാവേദ് ചെമ്ബ്.



# മോൺസ്റ്റർ ഒടിടി റിലീസിനെത്തുന്നു

പ്രേക്ഷകർ ആകാംക്ഷയോടെ കാത്തിരിക്കുന്ന മോഹൻലാൽ ചിത്രം മോൺസ്റ്റർ ഒടിടി പ്രദർശനത്തിനെത്തുന്നു.ഡിസംബർ രണ്ടിന് ഡിസ്നി പ്ലസ് ഹോട്ട് സ്റ്റാറിലായിരിക്കും ചിത്രം സ്ട്രീം ചെയ്യുക. തിയേറ്ററിലെത്തി ചിത്രം ഒരു മാസം പിന്നിടുമ്ബോഴാണ് ഒടിടി പ്രഖ്യാപനം. ഒക്ടോബർ 21നാണ് ചിത്രം തിയേറ്ററിലെത്തിയത്.ഉദയകൃഷ്ണയുടെ തിരക്കഥയിൽ വൈശാഖ് സംവിധാനം ചെയ്യുന്ന മോൺസ്റ്റർ ആശിർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്ബാവൂരാണ് നിർമ്മിക്കുന്നത്. മഹാവിജയം നേടിയ 'പുലി മുരുകന്' ശേഷം വൈശാഖ്-ഉദയകൃഷ്ണ-മോഹൻലാൽ ടീമിൻറെ ചിത്രമാണ് മോൺസ്റ്റർ. നിരവധി സസ്പെൻസും ദുരൂഹതകളും കോർത്തിണക്കിയ ചിത്രം ക്രൈം ത്രില്ലറാണ്. പ്രക്ഷകരിൽ നിന്നും സമ്മിശ്ര പ്രതികരണമാണ് ചിത്രം നേടിയത്.ലക്കി സിങ് എന്ന കഥാപാത്രമായാണ് മോഹൻലാൽ 'മോൺസ്റ്ററിൽ' എത്തുന്നത്. തെലുങ്ക് നടൻ മോഹൻബാബുവിൻറെ മകളും നടിയുമായ ലക്ഷ്മി മഞ്ജുവാണ് നായിക. ലക്ഷ്മിയുടെ ആദ്യ മലയാള സിനിമ കൂടിയാണിത്. സുദേവ് നായർ, സിദ്ദിഖ്, ജോണി ആന്റണി, കൈലാഷ്, ഗണേഷ് കുമാർ, ബിജു പപ്പൻ, ഹണി റോസ്, ലക്ഷ്മി മഞ്ജു, ലെന, സ്വാസിക എന്നിവർ ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കും.ഹരി നാരായണന്റെ വരികൾക്ക് ദീപക് ദേവ് ഈണം പകർന്നിരിക്കുന്നു.സതീഷ് ക്കുറുപ്പ് ഛായാഗ്രഹണവും ഷമീർ മുഹമ്മദ് എഡിറ്റിംഗും നിർവ്വഹിക്കുന്നു. കലാസംവിധാനം-ഷാജി നടുവിൽ. മേക്കപ്പ്-ജിതേഷ് ചൊയ്യ. വസ്ത്രാലങ്കാരം-സുജിത് സുധാകരൻ. ചീഫ് അസോസിയേറ്റ് ഡയറക്ടേർസ്-രാജേഷ് ആർ.കൃഷ്ണൻ,സിറാജുല്ല. ഫിനാൻസ് കൺട്രോളർ-മനോഹരൻ.കെ.പയ്യന്നൂർ. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സ്-നന്ദു പൊതുവാൾ, സജി.സി.ജോസഫ്. പ്രൊഡക്ഷൻ കൺട്രോളർ-സിദ്ദു പനയ്ക്കൽ. നിശ്ചല ഛായാഗ്രഹണം-ബെന്നറ്റ്. പി.ആർ.ഒ-വാഴൂർ ജോസ്.മോഹൻലാൽ-ഷാജി കൈലാസ് കൂട്ടുകെട്ടിലൊരുങ്ങുന്ന എലോൺ ആണ് ഇനി മോഹൻലാലിൻറെതായി പുറത്തിറങ്ങാനിരിക്കുന്ന ചിത്രം. 12 വർഷത്തിന് ശേഷം മോഹൻലാലും ഷാജി കൈലാസും ഒന്നിക്കുന്നു എന്ന പ്രത്യകതയും ചിത്രത്തിനുണ്ട്.




# 'കായ്പോള'; വീൽചെയർ ക്രിക്കറ്റിനെ ഓർമ്മിപ്പിച്ച്പുതിയ പോസ്റ്റർ

ഇന്ദ്രൻസിനെ കേന്ദ്രകഥാപാത്രമാക്കി കെ.ജി ഷൈജു സംവിധാനം ചെയ്യുന്ന കായ്പോള എന്ന ചിത്രത്തിൻറെ പുതിയ പോസ്റ്റർ റിലീസായി.വീൽചെയർ ക്രിക്കറ്റിനെ ഓർമ്മിപ്പിക്കും വിധം വിജയിയായ ഒരു മനുഷ്യൻ ബാറ്റും പിടിച്ച് ഒരു സ്റ്റേഡിയത്തിന് സമീപം വീൽചെയറിൽ ഇരിക്കുന്നതാണ് പോസ്റ്ററിൽ ഉള്ളത്. വീൽചെയർ ക്രിക്കറ്റിന്റെ കഥ പറയുന്ന ചിത്രം വി.എം.ആർ ഫിലിംസിന്റെ ബാനറിൽ സജിമോൻ ആണ് നിർമ്മിക്കുന്നത്. ലോക സിനിമയിൽ തന്നെ ആദ്യമായിട്ടായിരിക്കും വീൽചെയർ ക്രിക്കറ്റിനെ പറ്റിയുള്ള ഒരു സിനിമ തയ്യാറെടുക്കുന്നത്. ചിത്രത്തിന്റേതായി മുൻപ് ഇറങ്ങിയ പോസ്റ്ററും ഏറെ ശ്രദ്ധ പിടിച്ച് പറ്റിയിരുന്നു. ആദ്യ പോസ്റ്ററിൽ കേന്ദ്ര കഥാപാത്രങ്ങളായ ഉതുപ്പേട്ടന്റെയും കൊച്ചുമകൻ എബി കുരുവിളയുടെയും ചിത്രമാണുള്ളത്.ഉതുപ്പേട്ടനായി ഇന്ദ്രൻസും കൊച്ചുമകൻ എബിയായി സജൽ സുദർശനും വേഷമിടുന്നത്. വി എം ആർ ഫിലിംസിന്റെ ബാനറിൽ സജിമോൻ ആണ് ചിത്രത്തിന്റെ നിർമാണം. സംവിധായകൻ ഷൈജുവും ശ്രീകിൽ ശ്രീനിവാസനും ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത്. അഞ്ചു കൃഷ്ണയാണ് നായിക. കൂടാതെ കലാഭവൻ ഷാജോൺ, ശ്രീജിത്ത് രവി, കോഴിക്കോട് ജയരാജ്, വിനു കുമാർ, വൈശാഖ്, ബിജു, മഹിമ, നവീൻ, അനുനാഥ് തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഓഡീഷനിലൂടെ പതിനായിരത്തിലധികം അപേക്ഷകരിൽ നിന്നും ദിവസ്സങ്ങളോളം നടത്തിയ സ്ക്രീനിംഗിൽ നിന്നാണ് ചിത്രത്തിലെ ഭൂരിഭാഗം കഥാപാത്രങ്ങളെയും കണ്ടെത്തിയിരിക്കുന്നത്.മെജോ ജോസഫാണ് ചിത്രത്തിന് സംഗീതം ഒരുക്കിയിരിക്കുന്നത്. ഷോബിൻ കണ്ണംകാട്ട്, വിനായക് ശശികുമാർ എന്നിവർ ചേർന്നാണ് ഗാനങ്ങൾക്ക് വരികൾ രചിച്ചിരിക്കുന്നത്. ഛായാഗ്രഹണം: ഷിജു എം ഭാസ്കർ, എഡിറ്റർ: അനിൽ ബോസ്, പ്രൊഡക്ഷൻ കൺട്രോളർ: ഡിക്സൻ പൊടുത്താസ്, മേക്കപ്പ്: സജി കൊരട്ടി, ആർട്ട് ഡയറക്ടർ: സുനിൽ കുമാരൻ, കോസ്റ്റ്യൂം: ഇർഷാദ് ചെറുകുന്ന്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: പ്രവീൺ എടവണ്ണപാറ, അസ്സോസിയേറ്റ് ഡയറക്ടർസ്: ആസിഫ് കുറ്റിപ്പുറം, അമീർ, പി.ആർ.ഒ : പി. ശിവപ്രസാദ്, ഡിസൈൻ: ആനന്ദ് രാജേന്ദ്രൻ, സ്റ്റിൽസ്: അനു പള്ളിച്ചൽ എന്നിവരാണ് മറ്റ് അണിയറപ്രവർത്തകർ.



# മെസി മാജിക്കിൽ അർജന്റീന

ഖത്തർ ലോകകപ്പിലെ നിർണായക മത്സരത്തിൽ മെക്സിക്കോയെ എതിരില്ലാത്ത രണ്ട് ഗോളിന് പരാജയപ്പെടുത്തി അർജന്റീന. ലയണൽ മെസി എൻസോ ഫെർണാണ്ടസ് എന്നിവരാണ് മെക്സിക്കൻ വല കുലുക്കിയത്. ലോകകപ്പിലെ മെസിയുടെ എട്ടാം ഗോളാണിത്. ഈ ഗോളോടെ തുടർച്ചായി ആറ് അന്താരാഷ്ട്ര മത്സരങ്ങളിൽ ഗോളടിക്കാൻ മെസിയ്ക്ക് സാധിച്ചു. ജയത്തോടെ മെസിയും സംഘവും നോക്കൗട്ട് സാധ്യതകൾ സജീവമാക്കി.ആദ്യപകുതിയിൽ കരുത്തുറ്റ മെക്സിക്കൻ പ്രതിരോധ മതിൽ തകർക്കാൻ കഴിയാതെ നിന്ന മെസിയും സംഘവും രണ്ടാം പകുതിയിൽ മത്സരത്തിൻറെ നിയന്ത്രണം ഏറ്റെടുക്കുന്നതാണ് കണ്ടത്. 50ാം മിനിറ്റിൽ ബോക്സിനു തൊട്ടുമുന്നിൽ മെസ്സിയെ ഫൗൾ ചെയ്തതിന് അർജൻറീനക്ക് അനുകൂലമായി ഫ്രീകിക്ക് ലഭിച്ചെങ്കിലും മെസ്സിയുടെ ഷോട്ട് പോസ്റ്റിനു മുകളിലൂടെ പുറത്തേക്ക് പോയി. കളിയുടെ 64 ആം മിനിറ്റ് വരെ വേണ്ടി വന്നു മെക്സിക്കൻ മതിൽ തകരാൻ. സാക്ഷാൽ മെസി ആദ്യം മെക്സിക്കൻ വല കുലുക്കി. വലതുവിങ്ങിൽ നിന്ന് ഏഞ്ചൽ ഡി മരിയ നൽകിയ ക്രോസാണ് ഗോളിലേക്ക് വഴിയൊരുക്കിയത്.നിശ്ചിത സമയം അവസാനിപ്പിക്കാൻ മൂന്നു മിനിറ്റ് ബാക്കി നിൽക്കെ 21 വയസ്സുകാരൻ എൻസോ ഫെർണാണ്ടസിലൂടെ അർജന്റീന ലീഡുയർത്തി. രണ്ടാം പകുതിയുടെ തുടക്കത്തിലും വിരസമായിരുന്നു അർജന്റീനയുടേയും മെക്സിക്കോയുടേയും കളി. എന്നാൽ ആക്രമണത്തിൽ മുൻതൂക്കം മെക്സിക്കോക്കായിരുന്നു. നവംബർ 30ന് സ്റ്റേഡിയം 974ൽ പോളണ്ടിനെതിരെയാണ് സി ഗ്രൂപ്പിൽ അർജന്റീനയുടെ അവസാന പോരാട്ടം.മെസ്സിയുടെ 21-ാം ലോകകപ്പ് മത്സരമാണിത്. ഇതോടെ അർജന്റീനയ്ക്കായി ഏറ്റവും കൂടുതൽ ലോകകപ്പ് മത്സരങ്ങൾ കളിച്ച താരമെന്ന ഡീഗോ മാറഡോണയുടെ റെക്കോഡിനൊപ്പമെത്തി മെസി.



# എംബാപ്പേയുടെ ഗോളിന് ക്രിസ്റ്റിൻസണിലൂടെ തിരിച്ചടി

ഖത്തർ ലോകകപ്പിലെ ഗ്രൂപ്പ് ഡി മത്സരത്തിൽ ഫ്രാൻസിനെതിരെ സമനില ഗോൾ കണ്ടെത്തി ഡെൻമാർക്ക്. 68 ആം മിനിറ്റിൽ ആൻഡ്രിയാസ് ക്രിസ്റ്റിൻസണിലൂടെയാണ് ഡെൻമാർക്ക് തിരിച്ചടിച്ചത്. നേരത്തെ രണ്ടാം പകുതിയുടെ 61 ആം മിനിറ്റിൽ എംബാപ്പേയിലൂടെ ഫ്രാൻസ് മുന്നിൽ എത്തിയിരുന്നു. ആദ്യപകുതിയിൽ ഗോൾ വഴങ്ങാതെ ഫ്രാൻസിനെ പിടിച്ചു കെട്ടാൻ ഡെൻമാർക്കിന് കഴിഞ്ഞു. ഗോളിലേക്കെന്ന് തോന്നിച്ച ഫ്രാൻസിൻറെ പല മുന്നേറ്റങ്ങളും ഡെന്മാർക്ക് പ്രതിരോധിച്ചു.



# അടിതെറ്റി സൗദി, പോളണ്ടിന് ഇരട്ടഗോൾ വിജയം

ഖത്തർ ലോകകപ്പ് ഗ്രൂപ്പ് സി പോരാട്ടത്തിൽ എതിരില്ലാതെ 2 ഗോളിന് സൗദി അറേബ്യയെ തകർത്ത് പോളണ്ട്. 39 ആം മിനിറ്റിൽ പിയോറ്റർ സിയെലിൻസ്കിയും 82 ആം മിനിറ്റിൽ റോബർട്ട് ലെവൻഡോവ്സ്കിയുമാണ് പോളണ്ടിനായി വലകുലുക്കിയത്. പോളിഷ് നിരയെ വിറപ്പിച്ച സൗദിക്ക് തലയെടുപ്പോടെ അർ-റയ്യാനിലെ എജ്യുക്കേഷൻ സിറ്റി സ്റ്റേഡിയത്തിൽ നിന്നും മടങ്ങാം.ആദ്യപകുതിയിൽ സൗദിയും പോളണ്ടും ഒപ്പത്തിനൊപ്പമുള്ള മത്സരമാണു കാഴ്ചവച്ചത്. എന്നാൽ 39ാം മിനിറ്റിൽ ഗോൾ നേടി പോളണ്ട് മുന്നിൽ എത്തി. പിയോറ്റർ സിയെലിൻസ്കിയാണ് പോളണ്ടിനായി ആദ്യം വല കുലുക്കിയത്. 44-ാം മിനിറ്റിൽ സൗദി അറേബ്യയ്ക്ക് അനുകൂലമായി റഫറി പെനാൽറ്റി വിധിച്ചു. അൽ ഷെഹ്രിയെ ബിയാലെക് വീഴ്ത്തിയതിനെത്തുടർന്ന് വാറിലൂടെയാണ് റഫറി പെനാൽട്ടി വിധിച്ചത്. സൂപ്പർതാരം സാലി അൽ ഷെഹ്‌രിയാണ് കിക്കെടുത്തത്. എന്നാൽ ദൗസാരിയെടുത്ത കിക്ക് ഗോൾകീപ്പർ തട്ടിയകറ്റി.രണ്ടാം പകുതിയുടെ തുടക്കത്തിൽ ഗോൾ മടക്കാൻ സൗദി ശ്രമം തുടങ്ങി. 56ാം മിനിറ്റിൽ സൗദി താരം സലിം അൽ ദാവസരിയുടെ ഷോട്ട് പോളണ്ട് ഗോളി സെസ്നി സേവ് ചെയ്തു. 81-ാം മിനിറ്റിൽ റോബർട്ട് ലെവൻഡോവ്സ്കി പോളണ്ടിനായി രണ്ടാം ഗോൾ നേടി. സൗദി അറേബ്യയ്ക്ക് അനുകൂലമായി ലഭിച്ച പെനാൽറ്റിയും ഏതാനും അവസരങ്ങൾ പാഴാക്കിയതുമാണ് സൗദിക്ക് തിരിച്ചടിയായത്. ജയത്തോടെ നാലു പോയിന്റുമായി സി ഗ്രൂപ്പിൽ പോളണ്ട് ഒന്നാമതെത്തി.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com